(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി 13-298/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് -20

ഫോൺ 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി 20-03-2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊയിലാണ്ടി നഗരസഭ

സർ,

വിഷയം : - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ടിലെ ഭാഗം 1, 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4) ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്ര സഹിതം)

5) കാര്യാലയ പ്രതി

നം.കെ.എസ്.എ.കെ.കെ.ഡി.പി 13-298/2020 തീയതി 20-03-2020

**കോഴിക്കോട് <u>ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2018-19</u> സാമ്പത്തിക**

## വർഷത്തെ
## ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് **295(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 02.10.2018 മുതൽ 14.02.2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ഗീത. എം., ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.02.2020 മുതൽ 28.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലകൃഷ്ണൻ കെ.എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. സതീഷ്കുമാർ സി.പി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുൽ നസീർ ടി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജീവൻ. എൻ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീജിത്ത്. കെ. വി. | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. അഡ്വ. കെ. സത്യൻ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി. ഷെറിൽ ഐറിൻ സോളമൻ | 01.04.18 മുതൽ 31.03.19 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വ്യവസായ വികസന ഓഫീസർ | ശ്രീ. അജിതകുമാർ. പി. വി. | 01.04.18 മുതൽ 31.03.19 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. അബ്ദുൾ മജീദ്. എം | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ. നീന കുമാർ | 01.04.18 മുതൽ 08.01.19 വരെ |
| | ഡോ.അരുൺകുമാർ നായർ | 09.01.19 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീവിദ്യ | 01.04.18 മുതൽ 27.10.18 വരെ |
| | അനിത പാലാരി | 28.10.18 മുതൽ 17.12.18 വരെ |
| | ജ്യോതി സി ജോർജ് | 18.12.18 മുതൽ 18.03.19 വരെ |
| | ശ്രീ. ശുഭ | 19.03.19 മുതൽ 31.03.19 വരെ |
| സൂപ്രണ്ട് (ഹോമിയോ ആശുപത്രി) | ഡോ. സി. പ്രീത | 01.04.18 മുതൽ 07.07.18 വരെ |

| | | |
|---|---|---|
| | ഡോ. നഫീസ ഐ.കെ | 08.07.18 മുതൽ 31.03.19 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. രമണി. സി. ടി. | 01.04.18 മുതൽ 22.06.18 വരെ |
| | അനിതകുമാരി പി.പി | 23.06.18 മുതൽ 27.09.18 വരെ |
| | അരുൺജ്യോതി ജെ.ആർ. | 28,09.18 മുതൽ 20.12.18 വരെ |
| | വിചിത്ര എൻ.ഇ. | 21.12.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.ശ്യാംചന്ദ് | 01.04.18 മുതൽ 22.10.18 വരെ |
| | സബിത എം .കെ. | 23.10.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. വൽസല എം.എം | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി | ഡോ.സച്ചിൻ ബാബു | 01.04.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പൽ ജി.വി.എച്ച്.എസ്.എസ്. | ശ്രീ ബിജേഷ് ഉപ്പാലക്കൽ | 01.04.18 മുതൽ 31.03.19 വരെ |
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീ.മനോജ് കുമാർ. എം. | 01.04.18 മുതൽ 31.03.19 വരെ |
| പ്രൊജക്റ്റ് ഓഫീസർ, കുടുംബശ്രീ | ശ്രീ. പ്രസാദ്. കെ. എം. | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തര നിയന്ത്രണം അപര്യാപ്തം | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-3 |
| 4 | ഫണ്ട് വിനിയോഗം - ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു | 1-4 |
| 5 | റോഡ് കട്ടിംഗ് - പുനസ്ഥാപിക്കൽ ചാർജ്ജ് കുറച്ച് ഈടാക്കി | 1-5 |
| 6 | വസ്തു നികുതി - അപാകതകൾ പരിഹരിക്കപ്പെട്ടില്ല | 1-6 |
| 7 | കെട്ടിടങ്ങൾ, മറ്റ് ആസ്തികൾ എന്നിവയിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-7 |
| 8 | ഫോറസ്റ്റ് കൺസർവേറ്റർ മൂല്യനിർണ്ണയം നടത്തിയതിനേക്കാൾ വില കുറച്ച് മരം ലേലം ചെയ്തു | 1-8 |
| 9 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-9 |
| 10 | ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-10 |
| 11 | ടൗൺ ഹാൾ -ഡെപ്പോസിറ്റ് തിരികെ നൽകുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-11 |
| 12 | അനധികൃത കെട്ടിടങ്ങൾ - തുടർ നടപടിയില്ല | 1-12 |
| 13 | കാർഷിക മേഖലയിലെ പദ്ധതി രൂപീകരണം നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 14 | ജൈവ പച്ചക്കറികൃഷി വ്യാപനം -പച്ചക്കറി തൈകൾക്ക് അധികം തുക നൽകി | 1-14 |
| 15 | യാത്രാ ഡയറിയുടെ അടിസ്ഥാനത്തിലല്ലാതെ യാത്രാ ബത്ത അനുവദിക്കുന്നു | 1-15 |
| 16 | അങ്കണവാടികൾക്ക് ബേബിബെഡ്- വിതരണം ചെയ്ത ബേബി ബെഡുകൾ ആവശ്യത്തിന് ഉപകരിച്ചില്ല | 1-16 |
| 17 | മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനം - പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-17 |
| 18 | 2004-05 മുതലുള്ള മുൻകൂർ ക്രമപ്പെടുത്താനവശേഷിക്കുന്നു | 1-18 |
| 19 | ഇടവേള ഭക്ഷണ വിതരണം - അപാകതകൾ | 1-19 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം - സാധനങ്ങൾ മുഴുവൻ വിതരണം ചെയ്തില്ല | 1-20 |
| | | |

| | | |
|---|---|---|
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - കോഴ്സ് പൂർത്തിയായവർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും | 1-21 |
| 22 | കുടുംബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു | 1-22 |
| 23 | വീട് മേൽക്കൂര മാറ്റൽ – നിർവ്വഹണത്തിൽ അനാവശ്യ നടപടിക്രമങ്ങൾ സ്വീകരിക്കുന്നു | 1-23 |
| 24 | മത്സ്യബന്ധന മേഖലയിൽ മുൻസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നില്ല | 1-24 |
| 25 | ലാപ് ടോപ് വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-25 |
| 26 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചു | 1-26 |
| 27 | മണ്ണ് ഫില്ലിംഗ് കിളച്ച് മാറ്റിയ മണ്ണ് ഉപയോഗിച്ചില്ല- അധിക ചെലവ് 10738/- രൂപ | 1-27 |
| 28 | ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി-49950/- രൂപ | 1-28 |
| 29 | പ്രവർത്തനം ആരംഭിക്കാത്ത കാന്റീനിലേക്ക് ഉപകരണങ്ങൾ വാങ്ങി | 1-29 |
| 30 | മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 1-30 |
| 31 | ആസ്തി പരിപാലനത്തിൽ വീഴ്ച | 1-31 |
| 32 | തുടർ സാക്ഷരത - ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ചില്ല | 1-32 |
| 33 | ഉറവിട മാലിന്യ സംസ്ക്കരണം- പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 1-33 |
| 34 | ഇ-ഗവേണൻസ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല | 1-34 |
| 35 | മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം | 1-35 |
| 36 | പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കാത്തത മൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിക്കുന്നു | 1-36 |
| 37 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും നൽകി - മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിക്കുന്നു | 1-37 |
| 38 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല | 1-38 |
| 39 | പൊതുമരാമത്ത് പദ്ധതികൾ - മോണിട്ടറിംഗ് ഫലപ്രദമല്ല | 1-39 |
| 40 | എൽ.ഇ.ഡി ബൾബ് നിർമ്മാണ പദ്ധതി - അപാകതകൾ | 1-40 |
| 41 | റോഡ് കട്ടിംഗ് - പുനസ്ഥാപിക്കൽ ചാർജ്ജ് – | 2-1 |

| | | |
|---|---|---|
| | കുറച്ച് ഈടാക്കി | |
| 42 | മണ്ണ് ഫില്ലിംഗ് - കരാറുകാരന് അധിക തുക നൽകി | 3-1 |
| 43 | ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി –49950/- രൂപ | 3-2 |
| 44 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 45 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 46 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 48 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 49 | സ്ഥിര നിക്ഷേപം | 4-6 |
| 50 | ഓഡിറ്റ് റിക്കവറി | 4-7 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 52 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 55 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

നഗരസഭയുടെ, ഓഡിറ്റ് വർഷത്തെ ബജറ്റ് 21.03.18 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെയും യഥാർത്ഥ വരവ് ചെലവ് കണക്കുകളുടെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 1 69804456.00 | 59288422.67 |
| വരവ് | 791650000.00 | 414944370.00 |
| ആകെ | 961454456.00 | 474232792.67 |
| ചെലവ് | 870998250.00 | 319834184.00 |
| നീക്കിയിരിപ്പ് | 90456206.00 | 154398608.67 |

നിശ്ചിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ബജറ്റ് അംഗീകരിച്ചതെന്നും ഇതിന്റെ ഫലമായി വസ്തുതകളുമായി പൊരുത്തമില്ലാത്ത തരത്തിൽ വരവ് ചെലവുകൾ ബജറ്റ് എസ്റ്റിമേറ്റിൽ പരിഗണിക്കപ്പെട്ടുവെന്നും കാണാം. കേരള മുനിസിപ്പൽ ആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകൾ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ)കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യത്തിനായി നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനുവരി 15 ാം തീയതിക്കോ അതിനു മുൻപോ അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട (ധനകാര്യം) സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകേണ്ടതാണ് (സെക്ഷൻ 285).

(ബി)ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സെക്രട്ടറി ഉൾപ്പെടെയുള്ള അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് അവരുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇതു കൂടി പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്(സെക്ഷൻ 286).

(സി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണ സമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് (സെക്ഷൻ 287).

ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തെ റവന്യു വരവ് ചെലവുകൾ സംബന്ധിച്ചും ഇതുൾപ്പെടെ, ആകെ വരവ് ചെലവുകൾ സംബന്ധിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കാൻ സെക്രട്ടറി തയ്യാറാക്കിയ കരട് ബജറ്റ് നിർദ്ദേശങ്ങളും, ഇത് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകളും ഫയലിൽ ലഭ്യമല്ല. ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 ആഭ്യന്തര നിയന്ത്രണം അപര്യാപ്തം

സ്ഥാപനത്തിന്റെ വിവിധ തലങ്ങളിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് വരവുകളുടെയും ഇടപാടുകളുടെയും നടപടിക്രമങ്ങളുടെയും പരിശോധനയിലൂടെ വ്യക്തമാകുന്നു. പ്രധാനപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യതയോടെ സൂക്ഷിക്കുന്നില്ല.

നഗരസഭ അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് റഗുലറൈസേഷൻ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് ഫീ രജിസ്റ്റർ, ബസ്റ്റാന്റ് യൂസർഫീ രജിസ്റ്റർ, മാർക്കറ്റ് യൂസർഫീ രജിസ്റ്റർ, ലേലം രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം, സാക്ഷ്യപത്രം എന്നിവ തയ്യാറാക്കിയിട്ടില്ല. ഇൻവേഡ് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നിവ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചതായി കാണുന്നില്ല. സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ബാങ്ക് ബുക്കുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറുകളിൽ ഒറിജിനൽ രശീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. വൗച്ചറിനൊപ്പം സബ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ ക്രമമായി മാസക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

2) ജനസേവന കേന്ദ്രത്തിൽ മാനൽ രശീതി മുഖേന പണം പിരിക്കുന്നു

ജനസേവന കേന്ദ്രത്തിൽ നികുതി, ഫീസ് എന്നിവ അടവാക്കാനെത്തുന്നവരിൽ നിന്ന് മാനൽ രശീതി മുഖേന പണം പിരിച്ചെടുക്കുന്നതുകൊണ്ട് ഡിജിറ്റൽ ഡിമാന്റ് രജിസ്റ്ററുകളിൽ പോസ്റ്റിംഗ് നടക്കാത്ത സാഹചര്യമുണ്ട്. സ്വീകരിക്കുന്ന ഓരോ ഡിമാന്റ് തുകയും ബന്ധപ്പെട്ട ലഡ്ജർ/ ഡിമാന്റ് രജിസ്റ്ററിലേക്ക് പോസ്റ്റ് ചെയ്യപ്പെടും. എന്നാൽ ബിൽ കളക്ടർമാരുട മാനൽ രശീത് ബുക്കുകൾ മുഖേനയുള്ള പിരിവ് തുകയുടെ ഓരോ ദിവസത്തിന്റെയും സംക്ഷിപ്തം മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്.

3) ഓഫീസ് ഓർഡർ നിലവിലില്ല

ജീവനക്കാരുടെ ഉത്തരവാദിത്തവും അധികാരങ്ങളും വിഭജിച്ചു നൽകുന്ന വിശദമായതോ അല്ലാത്തതോ ആയ ഒരു ഓഫീസ് ഉത്തരവ് സ്ഥാപനത്തിൽ നിലവിലില്ല. സെക്ഷനുകളിലെ ജോലി കീഴ്വഴക്കമായി കൈമാറിവരുന്ന പ്രവണതയാണ് നിലവിലുള്ളത്. സെക്ഷൻ മാറുമ്പോൾ സെക്ഷന്റെ ചുമതല കൈമാറുന്നു എന്ന ഉത്തരവിറക്കുന്നുണ്ടെങ്കിലും സെക്ഷന്റെ ഉത്തരവാദിത്തങ്ങൾ വിശദമാക്കിയിട്ടില്ല.

4) സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നില്ല

ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗ് വിളിച്ചുചേർത്തിട്ടില്ല. ഓഫീസ് ഭരണം സുതാര്യമാക്കുന്നതിനും ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5)വിവരാവകാശ അപേക്ഷകൾ, പരാതികൾ എന്നിവയ്ക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഫീസ് ഉത്തരവ് പരിശോധിച്ചതിൽ വിവരാവകാശ നിയമ പ്രകാരമുള്ള തപാലുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു സെക്ഷന് ചുമതല നൽകിയിട്ടില്ല. ഓരോ ഫയലും ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന അവസ്ഥയാണ്. അപേക്ഷ, മറുപടി എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവരാവകാശ നിയമം അനുബന്ധം 1 പ്രകാരം വിവരാവകാശ അപേക്ഷകൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പരാതികൾക്കും രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) പൊതുവായ അപാകതകൾ

സ്ഥാപനത്തിലെ നികുതി പിരിവ്, കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ്, ശുചീകരണം തുടങ്ങിയ മേഖലകളിലെ ഫീൽഡ് സ്റ്റാഫ്, സ്ഥാപന പരിധിയിൽ നടക്കുന്ന അനധികൃത നിർമ്മാണം, അനധികൃത കച്ചവടം, രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ, പാരലൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ,(സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ട) സമാന സ്ഥാപനങ്ങൾ, ശുചിത്വവുമായി ബന്ധപ്പെട്ട് നടക്കുന്ന നിയമ ലംഘനങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഉത്തരവാദിത്തം കൈമാറുന്നില്ലെന്ന അവസ്ഥ ഇതിനൊരു കാരണമാകാം. നിയമ

ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ലെന്നതിനൊപ്പം വൻ വരുമാന ചോർച്ചയ്ക്കും ഇത് സാഹചര്യമൊരുക്കുന്നു.

## 1-3 വാർഷിക കണക്കുകളിലെ അപാകതകൾ

1. താഴെപ്പറയുന്ന രജിസ്റ്ററുകളുടെ സംക്ഷിപ്തം, സാക്ഷ്യപത്രം എന്നിവ തയ്യാറാക്കിയിട്ടില്ല.

i. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

ii. ഡി & ഒ. ലൈസൻസ് ഫീ രജിസ്റ്റർ

iii. ബസ് സ്റ്റാന്റ് യൂസർ ഫീ രജിസ്റ്റർ

iv. മാർക്കറ്റ് യൂസർ ഫീ രജിസ്റ്റർ
v. ലോൺ രജിസ്റ്റർ

v. ലേലം രജിസ്റ്റർ

vi. വാടക രജിസ്റ്റർ

ഇക്കാരണത്താൽ മേൽ ഇനങ്ങളുടെ ഡിമാന്റ്, വരവ്, കുടിശ്ശിക തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.ബാലൻസ് ഷീറ്റ് ബി.18 പത്രിക പ്രകാരം 1877690/- രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആയത് 792847/- രൂപ മാത്രമാണ്.

3.ബാലൻസ് ഷീറ്റ് ബി.3 പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ച തുകയുടെ നീക്കിയിരിപ്പ് കമ്മിയായാണ് ബാധ്യത രേഖപ്പെടുത്തിയിട്ടുള്ളത്, (-) 1733334/- രൂപ.

4. ബാലൻസ് ഷീറ്റ് ബി.4 പത്രിക പ്രകാരം 14813971/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുകയാണെന്നത് സംബന്ധിച്ച രേഖകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

5. ബാലൻസ് ഷീറ്റ് ബി.9 പത്രിക പ്രകാരം വാറ്റ് ഇനത്തിൽ പിരിച്ചെടുത്ത 426706/- രൂപ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പിരിച്ചെടുത്ത 192629/- രൂപ എന്നിവ അടവാക്കാതെ അവശേഷിക്കുന്നു.

6. ബാലൻസ് ഷീറ്റ് ബി.14 പത്രിക പ്രകാരം 381340/- രൂപ മൂല്യമുള്ള സ്റ്റോക്ക് നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായല്ല തയ്യാറാക്കിയിട്ടുള്ളത്.

7. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി.15 പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക (-) സംഖ്യയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8. പഞ്ചാബ് നാഷണൽ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ 2019 മാർച്ച് 30ന് 548246/- രൂപ പലിശയിനത്തിൽ വരവുണ്ടെങ്കിലും 10 ശതമാനം നികുതി കുറവ് ചെയ്താണ് അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളത്.

9. ബാലൻസ് ഷീറ്റ് ബി.4 പത്രിക പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ ബാലൻസ് ഷീറ്റ് ബി.17 പത്രിക പ്രകാരമുള്ള ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10.ആസ്തിയുടെ മുഖവില, ആയുസ്സ്, മൂല്യം എന്നിവ അടിസ്ഥാനപ്പെടുത്തിയല്ല ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം - ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു - 6.44 കോടി രൂപ

തൻവർഷം 424 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 270 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 323246085/- രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 158779997/- രൂപയാണ് ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം-സാധാരണഫണ്ട് | 74032567 | 59349627 | 14682940 | 80.17 |
| എസ്.സി.പി. | 19299000 | 11550630 | 7748370 | 59.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 95197383 | 53849891 | 41347492 | 56.57 |
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 15273000 | 14990314 | 282686 | 98.15 |
| മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) | 15248000 | 14870862 | 377138 | 97.53 |
| ആകെ | 219049950 | 154611324 | 64438626 | 70.58 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 64438626/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 റോഡ് കട്ടിംഗ് - പുനസ്ഥാപിക്കൽ ചാർജ്ജ് കുറച്ച് ഈടാക്കി

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 21.07.2018 തീയതിയിൽ കുറുവങ്ങാട് -മേലൂർ റോഡ് ഇരു വശങ്ങളിലുമായി 1.4 കിലോമീറ്റർ വീതം നീളത്തിൽ 50 സെന്റിമീറ്റർ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. റോഡ്

പുനസ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കി ഈടാക്കി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഫയൽ നം. | PW2/11211/2018 തീ. 21.07.2018 | | |
| അനുമതിയുടെ വിശദാംശം | 0.5 മീറ്റർ വീതിയിൽ 800 മീ. ടാർ റോഡ് കട്ടിംഗ്<br>0.5 മീറ്റർ വീതിയിൽ 760 മീറ്റർ എർത്ത് റോഡ് കട്ടിംഗ് (Berm)<br>0.5 മീറ്റർ വീതിയിൽ1240 മീറ്റർ വീതിയിൽ റോഡ് ഷോൾഡർ കട്ടിംഗ്<br>1.5 x 1.5 മീറ്റർ വീതിയിൽ ടാർ/കോൺക്രീറ്റ് റോഡിൽ കുഴികളെടുക്കുന്നതിന് (30 യൂണിറ്റ്) | | |
| തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം | | | |
| ഇനം | അളവ് | നിരക്ക് | തുക |
| Tar road cutting for laying cable | 800x.75= 600 ച.മീ | 4680.65@;.ച.മീ | 2808390.00 |
| Road berm cutting for laying cable | 760x.75=570 ച.മീ | 329.87 @;.ച.മീ | 188025.90 |
| Road shoulder cutting for laying cable | 1240x.75=930 ച.മീ | 1422.95 @;.ച.മീ | 1323343.50 |
| ആകെ | | | 4319759.40<br>(രശീത് നം-118010400012/06.11.2018) |

പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയറുടെ 22.05.2018 തീയതിയിലെ സി.ഇ/ആർ&ബി/ജിഎൽ-ആർസി/1/2018 നമ്പർ സർക്കുലർ പ്രകാരം പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴിയുടെ വീതിയുടെ ഒന്നര മടങ്ങ് വീതിയുടെ അടിസ്ഥാനത്തിലാവണം റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ടാർ ചെയ്യുന്ന ഭാഗത്തിലെടുക്കുന്ന കുഴിയുടെ വീതിക്ക് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും കണക്കാക്കി വേണം പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്നും സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി ടാറിംഗ് പ്രതലത്തിൽ 0.75 മീറ്റർ വീതി മാത്രം പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| എസ്റ്റിമേറ്റ് | | | |
| ഇനം | അളവ് | നിരക്ക് | തുക |
| Tar road cutting for laying cable | 800x1= 800 ച.മീ | 4680.65@;.ച.മീ | 3744520.00 |
| Road berm cutting for laying cable | 760x.75=570 ച.മീ | 329.87 @;.ച.മീ | 188025.90 |
| Road shoulder cutting for laying cable | 1240x.75=930 ച.മീ | 1422.95 @;.ച.മീ | 1323343.50 |
| ആകെ | | | 5255889.40 |
| ഈടാക്കിയ തുക-4319759/-രൂപ, ഈടാക്കേണ്ടിയിരുന്നത് =5255890/-രൂപ, കുറവ് വന്നത്-936131/-രൂപ | | | |

ടാർ / കോൺക്രീറ്റ് പ്രതലത്തിൽ 1.5 x 1.5 മീറ്റർ വീതിയിൽ റോഡിൽ കുഴികളെടുക്കുന്നതിന് (30 യൂണിറ്റ്) അപേക്ഷിച്ചിട്ടുണ്ട്. ആയതിനുള്ള അനുമതിയും അപേക്ഷകന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കുഴികൾ അടച്ച് റോഡ് പുന:സ്ഥാപിക്കുന്നതിനുള്ള ഫീ ഈടാക്കിയതായി കാണുന്നില്ല. മേൽ കുഴികൾ ടാർ പ്രതലത്തിലാണോ കോൺക്രീറ്റ് പ്രതലത്തിലാണോ എന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 2/19.02.2020) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ 1.5 x 1.5 മീറ്റർ വീതിയിൽ റോഡിൽ കുഴികളെടുത്തത് പുനസ്ഥാപിക്കാനുള്ള ഫീ കുഴിയെടുത്ത പ്രതലത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി കുറവ് വന്ന ഫീ ഈടാക്കേണ്ടതുമാണ്. തുക ഈടാക്കി നഗരസഭാ അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 വസ്തു നികുതി - അപാകതകൾ പരിഹരിക്കപ്പെട്ടില്ല

കൊയിലാണ്ടി നഗരസഭയുടെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. 01.04.2013 മുതൽ നടപ്പാക്കേണ്ടിയിരുന്ന വസ്തുനികുതി 3 വർഷത്തെ കാലപരിധി പിന്നിട്ട് കാലഹരണപ്പെടുന്നത് മൂലം ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നിയമപരമായ അവകാശം ചോദ്യം ചെയ്യപ്പെടും എന്നത് പരിഗണിച്ചാണ് സർക്കാർ വസ്തു നികുതി പ്രാബല്യ തീയ്യതി 01.04.2016 ആയി പുന:നിർണ്ണയിച്ചത്. നഗരസഭയിൽ 2400ലധികം കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാവാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് തീയതി വരെയും നഗരസഭ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ 2016-17 വർഷത്തെ വസ്തു നികുതി കാലഹരണപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നു.
2. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ 7 പ്രകാരം മുനിസിപ്പാലിറ്റി ഭൂപ്രദേശത്തെ മുഴുവനായും 6-ാം ചട്ടത്തിന്റെ ആവശ്യത്തിലേക്കായി പ്രസ്തുത ചട്ടത്തിൻ കീഴിലുള്ള 1-ാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി മേഖലകളായി തരം തിരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. 6-ാം ചട്ടത്തിന്റെ 1-ാം പട്ടികയിൽ മേഖലകൾ പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനത്തിലാവണം തരംതിരിവെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായാണ് നഗരസഭ വാർഡ് അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.
3. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ, 8 പ്രകാരം മുനിസിപ്പൽ പരിധിയിലെ റോഡുകൾ തരംതിരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ഇത്തരത്തിലുള്ള വിജ്ഞാപനത്തിന്റെ അഭാവത്തിലാണ് നിലവിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി വർദ്ധനവ് കണക്കാക്കുന്നത്.
4. നഗരസഭയിൽ അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ

രേഖപ്പെടുത്തുകയോ പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

5. പാർപ്പിടേതര ആവശ്യങ്ങൾക്കുള്ളതും 250 ച.മീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ തരത്തിനാനുപാതികമായി വർദ്ധനവ് വരുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഉദാ- 42/144 എ നമ്പർ കെട്ടിടത്തിന്റെ തറ നിർമ്മിതി മേൽ തരം വസ്തുക്കൾ ഉപയോഗിച്ചാണെന്ന് സ്ഥലപരിശോധന നടത്തിയ ഓവർസിയർ ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വസ്തുനികുതി നിർണ്ണയത്തിൽ ബാധകമാക്കിയിട്ടില്ല.
6. നഗരസഭാ പ്രദേശത്ത് ടർഫുകൾ (കൃത്രിമ കളിക്കളങ്ങൾ) പ്രവർത്തിക്കുന്നുണ്ട്. ടർഫുകളിൽ നിന്നും ഉടമകൾ വാടക ഇനത്തിൽ വരുമാനം ആർജ്ജിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മേൽക്കൂരയുള്ളതും നാലുഭാഗവും അടയ്ക്കപ്പെട്ടതുമായ ഇത്തരം കെട്ടിടങ്ങൾ വസ്തു നികുതി പരിധിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഇത്തരം നിർമ്മിതികളുടെ വിനിയോഗ ഗണവും വസ്തുനികുതിയും ബന്ധപ്പെട്ട ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 22/25.02.2020) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2017-18 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-4ൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് പരിഹരിക്കാതെ ഇപ്പോഴും(2018-19) തുടർന്നു വരുന്നു (2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 ൽ ക്രമ നമ്പർ 1 മുതൽ 4 വരെ, 8, 9 എന്നീ അപാകതകൾ). അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കേണ്ടതുമാണ്.

## 1-7 കെട്ടിടങ്ങൾ, മറ്റ് ആസ്തികൾ എന്നിവയിൽനിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ

മുനിസിപ്പാലിറ്റിയിൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ എഴുതി പൂർത്തിയാക്കാത്തതിനാൽ ഈ ഇനത്തിൽ മുനിസിപ്പാലിറ്റിയുടെ തൻവർഷ വരവ്, കുടിശ്ശിക എന്നിയുടെ കാര്യത്തിൽ വ്യക്തതയില്ലാത്ത അവസ്ഥയാണുള്ളത്. മാത്രമല്ല കുടിശ്ശികയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകകൾ കാലഹരണപ്പെടാതെ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ല.
2. റൂമുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, ഇതിന് സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ഇതിനാൽ വാടകക്കാർ ഏതെങ്കിലും തരത്തിലുള്ള കരാർ ലംഘനം നടത്തുന്നപക്ഷം നഗരസഭയ്ക്ക് നടപടികളെടുക്കാൻ കഴിയാതെ വരും.
3. ടൗൺ ഹാളും മിനി ഓഡിറ്റോറിയവും സംഘടനകൾക്കും,വ്യക്തികൾക്കും വ്യത്യസ്ത നിരക്കിലാണ് വാടകയ്ക്ക് നൽകിവരുന്നത്. എന്നാൽ ബൈലോയിൽ വ്യത്യസ്ത നിരക്കുകൾ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല നിലവിലുള്ള ബൈലോയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല.

4. നഗരസഭയുടെ നിയന്ത്രണത്തിൽ പിഷാരികാവ് ക്ഷേത്രത്തിന് സമീപം സ്ഥിതിചെയ്യുന്ന കുട്ടികളുടെ പാർക്കിലെ കഫേപാർക്കിൽ നിന്ന് പ്രതിമാസം 4800/- രൂപ വീതം വാടക ഈടാക്കിവരുന്നുണ്ട്. ഓഡിറ്റ് വർഷം ഈ സ്ഥാപനം 8 മാസത്തെ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. മോഹനൻ തെക്കയിൽ എന്നയാളാണ് ഈ സ്ഥാപനം നടത്തിവരുന്നത്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം വാടക അടയ്ക്കുന്നതിൽ പതിനാല് ദിവസത്തെ വീഴ്ച വരുത്തുന്നപക്ഷം വാടകക്കാരനെ ഒഴിവാക്കാവുന്നതാണ്. എന്നാൽ വാടകക്കാരന് നോട്ടീസ് അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
5. പഴയ ബസ് സ്റ്റാന്റിലെ വാടകക്കാരെ പുനരധിവസിപ്പിക്കുന്നതിന് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം മുനിസിപ്പാലിറ്റി വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിൽ അഞ്ച് റൂമുകൾ ഫയർ സ്റ്റേഷന് നൽകിയിട്ടുണ്ട് ഈ റൂമുകളുടെ വാടക ഇപ്പോൾ നൽകിവരുന്നത് മുനിസിപ്പാലിറ്റിയാണ്. എന്നാൽ ഈ തുക ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന് തിരിച്ച് കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/18-19/28.2.20) മറുപടി നൽകിയിട്ടില്ല.

മുനിസിപ്പാലിറ്റിയിൽ വാടകയ്ക്ക് നൽകാൻ പര്യാപ്തമായ എല്ലാമുറികളും വാടകയ്ക്ക് നൽകുന്നുണ്ടന്ന് ഉറപ്പാക്കിയും, ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയും, വാടകയിനത്തിലെ കുടിശ്ശികയുൾപ്പെടെ മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-8 ഫോറസ്റ്റ് കൺസർവേറ്റർ മൂല്യനിർണ്ണയം നടത്തിയ വിലയേക്കാൾ കുറച്ച് മരം ലേലം ചെയ്തു

കൊയിലാണ്ടി നഗരസഭയുടെ കോമ്പൗണ്ടിനകത്തെ മഹാഗണി, മഴമരം എന്നിവ മുറിച്ച് മാറ്റുന്നതിനും ആയത് ലേലം ചെയ്യുന്നതിനും 13/10/2017ലെ E2147/2017 ഉത്തരവ് പ്രകാരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അനുമതി നൽകിയിരുന്നു. 52731/- രൂപ മൊത്ത വില നിശ്ചയിച്ചുകൊണ്ടാണ് മേൽ മരങ്ങൾ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ 25/07/2018 നു നടന്ന പൊതു ലേലത്തിൽ ആരും പങ്കെടുക്കാതിരിക്കുകയും, തുടർന്ന് 10/08/2018 ന് നടന്ന പുനർ ലേലത്തിൽ മരങ്ങൾ മൊത്തം 15000/- രൂപക്ക് ലേലമുറപ്പിക്കുകയും, 25/09/2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ ലേലത്തിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫോറസ്ട്രി ഡിവിഷൻ നിർദ്ദേശിച്ച മൊത്തം വിലയായ 52731/- രൂപ പുനർ ലേലം നടത്തിയിട്ടും വിലമതിക്കാത്ത സാഹചര്യത്തിൽ പുനർ മൂല്യ നിർണ്ണയത്തിനായി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേക്ക് അയക്കുകയോ പുതുക്കി മൂല്യ നിർണ്ണയം നടത്തുകയോ ചെയ്യാതെയാണ് മരങ്ങളുടെ ലേലമുറപ്പിച്ചിരിക്കുന്നത്. നടപടി ക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-9 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245 (ii) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധ വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-19 കാലയളവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | സാമ്പത്തിക വർഷം |
|---|---|---|
| 1. | അമൃത വിദ്യാലയം | 2018-19 |
| 2. | മർക്കസ് പബ്ലിക് സ്കൂൾ | ടി |
| 3. | ഫൈൻടെക് കമ്പ്യൂട്ടർ കോർപറേഷൻ | ടി |
| 4. | മുത്തൂറ്റ് ഫൈൻ കോർപ്പ് | ടി |
| 5. | ചെമ്മണ്ണൂർ ക്രഡിറ്റ് & ഇൻവസ്റ്റ്മന്റ് | ടി |
| 6. | ബജാജ് ഫിനാൻസ് ലിമിറ്റഡ് | ടി |
| 7. | രാകേഷ് ഹോസ്പിറ്റൽ കൊയിലാണ്ടി | ടി |
| 8. | ഈഡൻ അപ് സ്കൂൾ | ടി |
| 9. | ധനലക്ഷ്മി ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി. |
| 10. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ടി |
| 11. | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് കൊയിലാണ്ടി | ടി. |
| 12. | അപരാജിത ഡൈനാമിക്സ് | ടി |
| 13. | IMCIT കൊയിലാണ്ടി | ടി |
| 14. | HDFC BANK കൊയിലാണ്ടി | ടി |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-10 ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കൗൺസിലിന് ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് കൗൺസിൽ നൽകുന്ന ലൈസൻസ് കൂടാതെയും, മറ്റ് സാധാരണ വ്യാപാരങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം മുഖേനയും മുനിസിപ്പാലിറ്റിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും മുനിസിപ്പൽ പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്ത് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തെയും A, B, C എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടം 7 പ്രകാരം ഫീസ് നിശ്ചയിക്കേണ്ടതുമാണ്. മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളും മേൽ പ്രകാരം തീരുമാനിച്ച നിരക്കിൽ ലൈസൻസ് ഫീ അടക്കുന്നതിന് ബാധ്യസ്ഥരാണ്.

നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ, മുൻവർഷം പ്രവർത്തിച്ചിരുന്നതിൽ തൻവർഷം പ്രവർത്തന രഹിതമായ, പുതുതായി പ്രവർത്തനം തുടങ്ങിയ സ്ഥാപനങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാവാതെ തന്നെ സഞ്ചയയിൽ ആറായിരത്തിലധികം വാണിജ്യ കെട്ടിടങ്ങൾ ഉണ്ട്. 2018-19ൽ വാണിജ്യ ആവശ്യത്തിനുള്ള മേൽ കെട്ടിടങ്ങളിൽ 224 എണ്ണം വേക്കൻസി റമിഷനായി അപേക്ഷിച്ചിട്ടുണ്ട്. തൻ വർഷം ആകെ 2917 ഡി & ഒ ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ വാണിജ്യ കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ പകുതി എണ്ണങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തു പ്രവർത്തിച്ചു വരുന്നത് എന്ന് കണക്കാക്കുന്നു. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന് കണക്കാക്കിയാലും നൽകിയ ലൈസൻസുകളുടെ എണ്ണവും കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ ഭീമമായ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-11 ടൗൺ ഹാൾ -ഡെപ്പോസിറ്റ് തുക തിരികെ നൽകുൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ടൗൺഹാൾ വാടകയ്ക്ക് എടുക്കുന്നവരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്ന തുക തനതു ഫണ്ടിൽ നിന്നും തിരികെ നൽകുന്നുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. ബുക്ക് ചെയ്ത പരിപാടികൾക്കു ശേഷം ബന്ധപ്പെട്ടവരുടെ അപേക്ഷയുടെയും, ടൗൺ ഹാൾ കെയർടേക്കർ നൽകുന്ന സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ റീഫണ്ട് വൗച്ചർ തയ്യാറാക്കിയാണ് തുക റീഫണ്ട് ചെയ്ത് നൽകുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റായി മുനിസിപ്പാലിറ്റിയിൽ അടവാക്കിയ തുകയുടെ ഒറിജിനൽ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത രസീതുകൾ പണം നൽകിയതിനു ശേഷം ക്യാൻസൽ ചെയ്യാതെ ഫയലിൽ സൂക്ഷിച്ചുവരികയാണ്.

പ്രസ്തുത രസീതുകൾ ദുരുപയോഗിക്കപ്പെടാനുള്ള സാധ്യത ഉള്ളതിനാൽ ആയവ ക്യാൻസൽ ചെയ്ത് പണം നൽകിയതായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, ടൗൺഹാൾ ബുക്കിംഗ് രജിസ്റ്ററിൽ/സെക്യൂരിറ്റി ഡെപ്പൊസിറ്റ് രജിസ്റ്ററിൽ ആയത് രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന ഡെപ്പോസിറ്റുകൾ അവകാശികളില്ല എങ്കിൽ മൂന്നു വർഷ കാലാവധിക്ക് ശേഷം പ്രസ്തുത തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടാമെന്നിരിക്കെ മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ ലഭിക്കുന്നതും തിരികെ നൽകുന്നതും അവശേഷിക്കുന്നതുമായ തുകകളുടെ വിവരം അറിയാൻ കഴിയുന്നില്ല. രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിടങ്ങൾ- ക്രമവത്കരണത്തിനു തുടർ നടപടിയില്ല, സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കപ്പെടാതെ പ്രവത്തിക്കുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഉദാ:- ഫയൽ നം- ബി.എൽ/6663/19/18.03.2019.

മേൽ ഫയൽ പ്രകാരം, വാർഡ് 27ലെ പ്രീതി ജയൻ മുതൽ പേർ, സ്വാഗത് ഹൗസ്, പുതിയ വളപ്പിൽ എന്നവരുടെ 496.91 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം, അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ക്രമവത്കരണത്തിനായി ഉടമ അപേക്ഷിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് തീയതി വരെയും കെട്ടിടം ക്രമവത്കരിച്ചിട്ടില്ല. എന്നാൽ 27.01.2020 ൽ സ്ഥല പരിശോധന നടത്തിയ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പടുത്തി കാണുന്നു. ഇതേസമയം, സങ്കേതം സോഫ്റ്റ്‌വെയർ റിപ്പോർട്ട് പ്രകാരം 2018-19 ൽ ക്രമവൽകരണത്തിനായി ലഭിച്ച 52 അപേക്ഷകൾ ചട്ടലംഘനം ഉൾപ്പെടെയുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നിരസിച്ചിട്ടുള്ളതായും കാണുന്നുണ്ട്.

എന്നാൽ മേൽ കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഒക്യുപെൻസി നിരസിക്കപ്പെട്ട മേൽ നമ്പർ അപേക്ഷയിലടക്കമുള്ള കെട്ടിടങ്ങളിൽ നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കെട്ടിടങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു എന്നതിന്റെ തെളിവാണിത്.
അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 41/28.02.2020) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 കാർഷിക മേഖലയിലെ പദ്ധതി രൂപീകരണം - മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ തൻ വർഷം എട്ട് പ്രോജക്ടുകളാണ് രൂപീകരിച്ചത്. ഇതിൽ നാല് എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ നിർവ്വഹണം പരിശോധിച്ചതിൽ മേഖലയെ സംബന്ധിച്ച് പതിമൂന്നാം പദ്ധതിക്കായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല വാർഷിക പദ്ധതി രൂപീകരണം നടത്തിയിരിക്കുന്നത്. പതിമൂന്നാം പദ്ധതിക്കായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മേഖല നേരിടുന്ന പ്രധാന പ്രശ്നമായി പ്രതിപാദിച്ചത് തെങ്ങിലെ രോഗബാധ, നെൽകൃഷി ജലനിയന്ത്രണത്തിലെ അഭാവം ജല ലഭ്യതക്കുറവ്, യന്ത്രവൽക്കരണത്തിന്റെ അഭാവം, നൂതന സാങ്കേതിക വിദ്യകളുടെ അഭാവം തുടങ്ങിയവയാണ്. തുടർ വർഷങ്ങളിൽ കാർഷിക മേഖല അഭിമുഖീകരിക്കുന്ന മേൽ പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലക്ക് നടപ്പിലാക്കിയ പദ്ധതികളുടെയോ, അവ എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാത്തതിനാലും, 2018-19 വർഷത്തിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ വ്യക്തമല്ലാത്തതിനാലും തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹരിക്കുന്നതിന് പര്യാപ്തമായോ എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു.

കൃഷി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പരിശോധിച്ചതിൽ തെങ്ങിന് ജൈവവള വിതരണം, പച്ചക്കറി കൃഷിക്ക് മൺചട്ടി, തൈ, വളം എന്നീ പദ്ധതികളുടെ നിർവ്വഹണത്തിന്റെ തുടക്കത്തിൽ ഒഴികെ പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ സജീവ ഇടപെടൽ ഉണ്ടായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതെന്നിരിക്കെ തുടർ യോഗങ്ങൾ ചേർന്ന് വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം വിലയിരുത്തുകയോ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ പല യോഗങ്ങളിലും തീരുമാനം രേഖപ്പെടുത്തിയിട്ടില്ല(ഉദാ:- 16-10-18, 2-11-18, 9-11-18, 27-12-18 തീയതികൾ). മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാത്തതും, പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ഫലപ്രദമാകാതിരുന്നതും കൃഷി വർക്കിംഗ് ഗ്രൂപ്പും, മേൽ നോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തങ്ങളിൽ അർപ്പിച്ച ചുമതലകൾ കൃത്യമായി നിറവേറ്റാത്തതിനാലാണ് എന്ന് ബോദ്ധ്യമാകുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ 5/26.02.2020).

വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പദ്ധതി നിർവ്വഹണം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 ജൈവ പച്ചക്കറികൃഷി വ്യാപനം -പച്ചക്കറി തൈകൾക്ക് അധികം തുക നൽകി

പ്രോജക്ട് നംപർ – 149/19

അടങ്കൽ തുക -360000/- രൂപ (വികസന ഫണ്ട് – 285000/- രൂപ, ഗുണഭോക്തൃ വിഹിതം – 75000/- രൂപ)

ചെലവ് - 285000/- രൂപ

197500/-രൂപ (ബിൽ നം-7/13-3-19)

87500/- രൂപ (ബിൽ നം-10/26-3-13)

നഗരസഭാ പരിധിയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ പ്രോജക്ടിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത്, ജൈവവളം, പച്ചക്കറി തൈകൾ എന്നിവ വാങ്ങി നൽകുന്നതിനായാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിനായി വിതരണം ചെയ്യുന്നതിന് പച്ചക്കറി തൈകൾ വാങ്ങിയിരിക്കുന്നത് പന്തലായനി അഗ്രോസർവ്വീസ് സെന്ററിൽ നിന്നാണ്. നിർവ്വഹണ ഉദ്യോഗസ്ഥ ഇൻവോയ്സ് നം. 243/14-3-19 പ്രകാരം 14500/- രൂപ തൈകളുടെ വിലയായി അഗ്രോ സർവ്വീസ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് പരിശോധിച്ചതിൽ 659 പച്ചക്കറി തൈകൾക്ക് 2.20 രൂപ നിരക്കിൽ 14500/- രൂപയാണ് നൽകിയിരിക്കുന്നത്. 659 പച്ചക്കറി തൈകൾക്ക് 2.20 രൂപ നിരക്കിൽ 1450/- രൂപ മാത്രമേ വില വരുന്നുള്ളൂ. ആയത് പരിശോധിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ തുക നൽകിയത്. ഇതിലൂടെ 13050/- രൂപ അധികം നൽകിയിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സിൽ തന്നെ ഏതൊക്കെ ഇനം പച്ചക്കറി തൈകൾ, എത്ര എണ്ണം വീതമാണ് വാങ്ങിയിട്ടുള്ളത്, ഗുണഭോക്താക്കൾക്ക് എത്ര തൈകൾ വീതമാണ് വിതരണം ചെയ്തത് എന്നീ വിവരങ്ങൾ കാണിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 6/26.02.2020). മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതി നിർവ്വഹണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്

ലഭ്യമാക്കേണ്ടതുമാണ്. ആഗ്രോ സർവ്വീസ് സെന്ററിന് അധികമായി നൽകിയ 13050/- രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 യാത്രാ ഡയറിയുടെ അടിസ്ഥാനത്തിലല്ലാതെ യാത്രാ ബത്ത അനുവദിക്കുന്നു

തൻവർഷം നൽകിയ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ, സെക്രട്ടറിയുടേയും ജീവനക്കാരുടേയും ഔദ്യോഗിക യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചിട്ടുള്ളതിൽ, ജീവനക്കാരാരും തന്നെ യാത്രയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ യാത്രാഡയറി നൽകിയിട്ടില്ല എന്നു കാണുന്നു. യാത്രകൾക്ക് ശേഷം ജീവനക്കാർ തന്നെ തയ്യാറാക്കി നൽകുന്ന യാത്രാ ബില്ലിന്റെയും, യാത്രകൾക്ക് ചുമതലപ്പെടുത്തി കൊണ്ടുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് യാത്രാബത്ത ബിൽ തയ്യാറാക്കിയതെന്നാണ് സെക്ഷൻ നൽകിയ വിശദീകരണം. ജീവനക്കാർ യാത്ര ചെയ്ത തീയ്യതി, സമയം ഏതുതരം വാഹനത്തിലാണെന്ന വിവരങ്ങൾ (ട്രെയിൻ, ബസ്, പഞ്ചായത്ത് വാഹനം), സ്കെയിൽ ഓഫ് പേ എന്നിവ ടൂർ ഡയറിയിൽ വ്യക്തമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സെക്ഷനാണ് ഓരോ ജീവനക്കാർക്കും അർഹമായ ടി.എ. കണക്കാക്കി ബിൽ തയ്യാറാക്കേണ്ടത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാ ഡയറി സമർപ്പിക്കേണ്ടതാണ്. ഒരു വർഷത്തിനകം ക്ലെയിം ചെയ്യാത്ത ജീവനക്കാർക്ക് യാത്രാ ബത്തയ്ക്ക് അർഹതയില്ലാത്തതുമാണ് . ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഭരണ സമിതി യാത്രാബത്ത നൽകുന്നതിന് അംഗീകാരം നൽകിയിരിക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജീവനക്കാർ യാത്ര ചെയ്തതു സംബന്ധിച്ച് ഹാജരാക്കേണ്ട മേൽ രേഖകൾ പരിശോധിക്കാതെയാണ് യാത്രാബത്ത അനുവദിക്കാൻ ശുപാർശ ചെയ്തത്. യാത്രാ ഡയറി സമർപ്പിക്കാതെ ജീവനക്കാർക്ക് തൻവർഷം നൽകിയ യാത്രാ ബത്തയുടെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക ₹ | വിശദാംശം |
|---|---|---|
| 21800453/13.08.2018 | 11731 | ശ്രീ.അബ്ദുൾ മജീദ് എം, എച്ച് എം, ശ്രീ.നജാസ് ബാബു ഒ.സി എന്നീ ജീവനക്കാരുടെ യാത്രാ ബത്ത |
| 21800556/3.9.2018 | 6534 | 2018 ജൂൺ, ജൂലായ് മാസങ്ങളിലെ ഔദ്യോഗിക യാത്രകൾക്ക് യാത്രാപ്പടി |
| 21800802/3.11.18 | 15829 | ശ്രീ. ഷാജു. സൂപ്രണ്ട്, ശ്രീ.നജാസ് ബാബു ഒ.സി, ഓഎ എന്നീ ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾക്ക് യാത്രാപ്പടി |
| 21800823/6.11.18 | 30754 | സെക്രട്ടറിയുടെ 7/17 മുതൽ 11/17 വരെയുള്ള യാത്രാപ്പടി |

യാത്ര ചെയ്തതിനുള്ള നിയമാനുസൃത രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ യാത്രാബത്തയ്ക്ക് അഗീകാരം നൽകുന്നുള്ളൂ എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 25/27.02.2020) ഇക്കാര്യത്തിൽ വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 1-16 അംഗനവാടികൾക്ക് ബേബിബെഡ്- വിതരണം ചെയ്ത ബേബിബെഡുകൾക്ക് ആവശ്യത്തിന് ഉപകരിച്ചില്ല

പ്രോജക്ട് നംപർ – 131/19

നിർവ്വഹണം-എെ.സി.ഡി.എസ്. സൂപ്പർവൈസർ.

അടങ്കൽ തുക – 400000/- രൂപ

മുനിസിപ്പാലിറ്റിയിലെ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി അംഗൻ വാടികൾക്ക് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൊയർ മാർക്കറ്റിൽ നിന്നും ഇൻവോയ്സ് നം-355/29-09-18 പ്രകാരം 69957/- രൂപ ചെലവിൽ 100 ബേബി ബെഡുകൾ വാങ്ങിച്ചിട്ടുണ്ട്. മേൽ ബെഡുകൾ 46 അങ്കണവാടികൾക്ക് ഓരോന്നു വീതവും 24 അങ്കണവാടികൾക്ക് 2 വീതവും രണ്ട് അങ്കണവാടികൾക്ക് 3 എണ്ണം വീതവുമാണ് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് പരിശോധനാ സമയത്ത് വിതരണം ചെയ്ത ബെഡുകൾ ആവശ്യത്തിന് നീളവും വീതിയും ഇല്ലാത്തവയായതിനാൽ പ്രോജക്ടിന്റെ പൂർണ്ണമായ പ്രയോജനം അങ്കണവാടി കുട്ടികൾക്ക് ലഭിച്ചില്ല എന്ന് അങ്കണവാടി വർക്കർമാർ അറിയിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൊയർ മാർക്കറ്റിന്റെ 13-06-18ലെ പെർഫോർമാ ഇൻവോയ്സ് 22 പ്രകാരമാണ് ബേബി ബെഡുകൾ വാങ്ങിയിരിക്കുന്നത് എങ്കിലും പ്രസ്തുത പെർഫോർമയിൽ ബെഡുകളുടെ സൈസ് വ്യക്തമാക്കിയിട്ടില്ല. അങ്കണവാടി കുട്ടികളുടെ പ്രായത്തിനനുസരിച്ച് ആവശ്യമായ നീളവും വീതിയും കണക്കാക്കാതെ ലഭ്യമായ ബേബി ബെഡുകൾ വാങ്ങി നൽകിയത് കുട്ടികളുടെ ആരോഗ്യ സംരംക്ഷണം എന്ന ഉദ്ദേശ്യം പ്രാപ്തമാക്കുന്നതിന് സാധിക്കാത്ത പ്രവർത്തിയായി തീർന്നിട്ടുണ്ട്. ആവശ്യമായ അളവിലുള്ളതല്ല എന്ന് വ്യക്തമായിട്ടും ആയത് മാറ്റി വാങ്ങുന്നതിന് ശ്രമിച്ചതായി കാണുന്നില്ല. ആവശ്യകത പരിശോധിക്കാതെ ബെഡുകൾ നേരിട്ട് വാങ്ങിയതിനാലാണ്, 69957/- രൂപ ചെലവഴിച്ചു വാങ്ങിയ ബേബി ബെഡുകൾ പൂർണ്ണമായി ഉപയോഗയോഗ്യമാകാതിരുന്നത് എന്ന് വ്യക്തമാണ് (ഓഡിറ്റ് എൻകയറി നമ്പർ 7/26.02.2020).

## 1-17 മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്രവികസനം - പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി പ്രവർത്തിച്ചു വരുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിനായി ഓഡിറ്റ് വർഷം താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ |
| പ്രോജക്ട് നം. | 456/19 |
| അടങ്കൽ | 639250/- രൂപ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 474650/- രൂപ |
| ബിൽ നം./തീ. | 42/2019/23.2.20 |

സ.ഉ.(കൈയ്യെഴുത്ത്) നം. 144/2013/ത.സ്വ.ഭ.വ./06.04.2013 പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ മുനിസിപ്പാലിറ്റി പൂർണ്ണമായും വിജയിച്ചിട്ടില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 11/18-19/26.02.2020).

1.ഭൗതിക സൗകര്യങ്ങൾ

പ്രവേശിപ്പിക്കപ്പെടുന്ന ഓരോ കുട്ടിക്കും 30 ചതുരശ്ര അടി സ്ഥലം എന്ന് കണക്കാക്കി കുറഞ്ഞത് 750 ച.അടി വിസ്തീർണ്ണമെങ്കിലും ഉള്ള കെട്ടുറപ്പുള്ള ശുചിത്വമുള്ള തടസ്സവിമുക്തമായ കെട്ടിടമായിരിക്കണം. കെട്ടിടത്തോടനുബന്ധിച്ച് 6 സെന്റിലധികം ഭൂമിയുണ്ടായിരിക്കണം, ചുറ്റുമതിലും ഗേറ്റും നിർമ്മിക്കണം. 10 പേർക്ക് ഒന്ന് എന്ന് കണക്കാക്കി സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറേ ടോയിലറ്റ്, കുളിമുറികൾ എന്നിവ ഉണ്ടായിരിക്കണം. ഈ സൗകര്യങ്ങൾ പൊതുവെ തൃപ്തികരമായി ഏർപ്പെടുത്തിയിട്ടുണ്ട്.

2.പരിചരണ സേവനം

ഉച്ചഭക്ഷണം വികസന ഫണ്ട് ഉപയോഗിച്ചും കൂടുതൽ ഭക്ഷണം പൊതുജന പങ്കാളിത്തത്തോടെയും ആരോഗ്യ സേവനങ്ങൾ ആരോഗ്യവകുപ്പ്, ആയുഷ് സന്നദ്ധ സേവനം എന്നിവ മുഖേന പ്രതിമാസ മെഡിക്കൽ ചെക്കപ്പ് തെറപ്പീസ് സേവനങ്ങൾ ലഭ്യമായ മാർഗ്ഗത്തിലൂടെ. ആരോഗ്യ ഇൻഷ്വൂറൻസ് സാധ്യമായ രീതിയിൽ ഉറപ്പാക്കണം. എന്നാൽ ഉച്ചഭക്ഷണം ഒഴികെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഭരണസമിതി ശ്രദ്ധിച്ചിട്ടില്ല.

3.അംഗീകാരം

ദേശീയ വികലാംഗ ജന നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം നിശ്ചിതഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ ഇങ്ങനെയുള്ള അംഗീകാരം സ്ഥാപനം നേടിയിട്ടില്ല. സ്ഥാപനത്തിന്റെ ഉടമസ്ഥത തദ്ദേശ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അംഗീകാരത്തിനുള്ള അപേക്ഷ സെക്രട്ടറി സമർപ്പിക്കേണ്ടതുമാണ്.

4. പങ്കാളിത്ത സംവിധാനം

സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി 06.02.2020 ന് രൂപീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനം ആരംഭിച്ചത് 2003-04 വർഷത്തിലാണെങ്കിലും മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാൻ ഇത്രയും വർഷം വൈകിയതിന്റെ കാരണം വ്യക്തമല്ല. സ്റ്റുഡന്റ്-സ്റ്റാഫ്-പേരന്റ് കമ്മിറ്റി (എസ്.എസ്.പി.സി) പി.ടി.എ മാതൃകയിൽ രൂപീകരിക്കണം. 10 ഗുണഭോക്താക്കൾക്ക് ഒരു പ്രധിനിധി, പ്രവർത്തകരിൽ ഒരാൾ, രണ്ട് രക്ഷാകർത്തൃ പ്രതിനിധി, നിർവ്വഹണ ഉദ്യോഗസ്ഥ, എ.ഡി.എസ്. സെക്രട്ടറി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായിരിക്കും. എന്നാൽ ഈ കമ്മിറ്റി സ്ഥാപനത്തിൽ രൂപീകരിച്ചിട്ടില്ല.

5. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല

സ്ഥാപനത്തിന്റെ നടത്തിപ്പിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് ഇത് നിർവ്വഹിച്ചതായി കാണുന്നില്ല. കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചർച്ച നടന്നതായി കാണുന്നില്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും വിവിധ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തതായി കാണുന്നുണ്ടെങ്കിലും ഇതൊന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല.

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 2004-05 മുതലുള്ള മുൻകൂർ തുകകൾ ക്രമപ്പെടുത്താനവശേഷിക്കുന്നു

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ, 2004-05 മുതൽ 2018-19 വരെയുള്ള കാലയളവിൽ മുൻകൂറായി നൽകിയിരുന്ന 792847/- രൂപ ക്രമപ്പെടുത്താനവശേഷിക്കുന്നു. വാർഷിക കണക്കുകൾ പ്രകാരം ഇത് 1877690/- രൂപയാണ്. മുൻകൂർ രജിസ്റ്റർ ഭാഗീകമായാണ് തയ്യാറാക്കിയിരിക്കുന്നത്. തുക കൈപ്പറ്റിയവരുടെ പേര് മാത്രമാണ് ഭൂരിഭാഗം കേസുകളിലും രേഖപ്പെടുത്തിയിരിക്കുന്നത്. മുൻകൂർ കൈപ്പറ്റിയ ജീവനക്കാരന്റെ തസ്തിക, ഏതാവശ്യത്തിനാണ് തുക നൽകിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ, മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജി.ഒ.(പി)419/2011 ധനം 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ, എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് ഒരു വർഷത്തേക്ക് 18% നിരക്കിൽ പലിശ ഈടാക്കേണ്ടതും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തരമായി തിരിച്ചു പിടിക്കേണ്ടതുമാണ്. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 26). അവശേഷിക്കുന്ന മുൻകൂർ തുകകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-19 ഇടവേള ഭക്ഷണ വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

മുനിസിപ്പാലിറ്റിയിലെ ഏഴാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം നടത്തുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പൽ (V.H.S.E) |
| പ്രോജക്ട് നംപർ | 172/19 |
| അടങ്കൽ തുക | 1500000/- രൂപ |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് തുക | 1364072/- രൂപ |
| ബിൽ നംപർ/ തീയതി | 14/2019 /14.08.2018 |

സ.ഉ.(കൈ)നം.17/2018/ത.സ്വ.ഭ.വ./2.2.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7.6.6.ൽ സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ സർക്കാർ സ്കൂളുകൾക്ക് പുറമേ എയിഡഡ്

സ്കൂളുകളിലെ കുട്ടികൾക്ക് കൂടി ഭക്ഷണ വിതരണം നടത്തിയതായി കാണുന്നു. മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/18-19/26.2.20) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ചെലവ് തുക 1364072/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം - ഫർണിച്ചർ പൂർണ്ണമായി വിതരണം ചെയ്തില്ല

മുനിസിപ്പാലിറ്റിയിലെ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിവിധ ക്ലാസുകളിൽ പഠിക്കുന്ന 40 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നംപർ | 108/19 |
| അടങ്കൽ തുക | 200000/- രൂപ |
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് തുക | 199656/- രൂപ |
| ബിൽ നം./തീയതി | 16/2019/12.3.19 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 40 ഗുണഭോക്താക്കൾക്ക് കസേരയും, വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് ഇതിനായി ഫർണ്ണീച്ചർ വാങ്ങിയത് സിഡ്കോയിൽ നിന്നാണ്. എന്നാൽ 38 വിദ്യാർത്ഥികൾക്ക് മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്. രണ്ട് വിദ്യാർത്ഥികൾക്ക് ഓഡിറ്റ് തീയതി വരെയും ഫർണ്ണീച്ചർ വിതരണം ചെയ്തിട്ടില്ല. ഇതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.
2. സ.ഉ.(കൈ) നം.22/2018/14.02.2018 പ്രകാരമുള്ള മാർഗ്ഗരേഖ ഖ. 7.2.10 ൽ എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ ഗുണഭോക്താക്കളിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
3. മറ്റ് ഏതെങ്കിലും ഏജൻസികളിൽ നിന്ന് ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/18-19/26.2.20) മറുപടി നൽകിയിട്ടില്ല.

വിതരണം ചെയ്യാതെ ബാക്കിവന്ന ഫർണ്ണീച്ചറുകൾ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-21 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - കോഴ്സ് പൂർത്തിയായവർക്ക് ആനുകൂല്യം നൽകി, എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നില്ല

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം എന്ന പദ്ധതിയിലൂടെ ലാപ് ടോപ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നംപർ | 109/19 |
| അടങ്കൽ തുക | 480000/- രൂപ |
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് തുക | 473600/- രൂപ |
| ബിൽ നം./തിയതി | 29/2019/23.3.19 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലാപ് ടോപ് ലഭിച്ചതിൽ ചില വിദ്യാർത്ഥികൾ അവരുടെ കോഴ്സിന്റെ അവസാന വർഷം പൂർത്തിയാക്കിയവരാണ്. ലാപ് ടോപ് വിതരണം ചെയ്തത് 2019 മാർച്ച് മാസത്തിലാണ്. അതായത് ലാപ് ടോപ് ലഭിക്കുമ്പോഴേക്കും, വിദ്യാർത്ഥികളുടെ പഠനം പൂർത്തിയായിക്കഴിയും. ഇത്തരത്തിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് |
|---|---|---|
| 1 | സ്നേഹ.പി.റാം | ബികോം അവസാന വർഷം |
| 2 | ഗോകുൽ ദാസ്.ഇ.കെ | ബികോം അവസാന വർഷം |
| 3 | ഐശ്വര്യ.സി.ഉണ്ണി | ബി.എ.അവസാന വർഷം |

ഗുണഭോക്തൃ ലിസ്റ്റിൽ 38 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 16 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. കോഴ്സിന്റെ ആദ്യ വർഷങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന നൽകാതിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കാനിടയായത്.

2. ആനുകൂല്യം ലഭിച്ച നന്ദനശ്രീ.കെ.എം, മാസ്റ്റേഴ്സ് അക്കാദമി ഓഫ് പ്രൊഫഷണൽ സ്റ്റഡീസ് വടകര എന്ന സ്ഥാപനത്തിൽ ഡിഗ്രിക്ക് പഠിക്കുന്ന വിദ്യാർത്ഥിയാണ്. എന്നാൽ

കോഷ് റജിസ്റ്റർ ചെയ്യതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ച രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. വാങ്ങലുകൾ നടത്തിയത് സെൻട്രലൈസ്ഡ് പ്രൊക്യുവർമെന്റ് പോർട്ടലിലൂടെയല്ല. ഇലക്ട്രോണിക് സാധനങ്ങളുടെ വാങ്ങൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്യൂവർമെന്റ് പോർട്ടലിലൂടെ ആയിരിക്കണമെന്ന് 18.11.2017 ലെ എം.എസ്.നം.24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു എന്നാൽ ഈ സൗകര്യം ഉപയോഗിക്കാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുകയാണുണ്ടായത്.

4. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കതെയാണ് എസ്.സി. വിഭാഗങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. പട്ടികജാതി വിഭാഗങ്ങളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കാതെ പദ്ധതി ആസൂത്രണം നടത്തിയത് ശരിയായ നടപടിയല്ല. മുനിസിപ്പാലിറ്റിയിൽ നിലവിൽ മൂന്ന് എസ്.സി. പ്രൊമോട്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. എന്നാൽ ഇവരുടെ സേവനം പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന വിവര ശേഖരണത്തിന് ഉപയോഗപ്പെടുത്തിയുട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിന് വിപുലമായ ഒരു സംവിധാനം മുനിസിപ്പാലിറ്റിയിൽ ഉണ്ടായിട്ടും പട്ടികജാതി ഉപപദ്ധതി തയ്യാറാക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/18-19/26.2.20) മറുപടി നൽകിയിട്ടില്ല.

ദുർബല ജനവിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സംവിധാനങ്ങൾ, ആ ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ട ഭരണ സമിതിയും, ബന്ധപ്പെട്ട കമ്മിറ്റികളും അവരിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണത്തിനും ആവശ്യകതകൾ കണ്ടെത്തി പ്രയോജനപ്രദമായ പദ്ധതി രൂപീകരണത്തിനും ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കുടുംബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സിന് ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| SJSRY | 1778426 |
| VAMBAY | 1487087 |
| NULM Fund | 2045651 |
| ആകെ | 5311164 |

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ കാലങ്ങളിൽ നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ വർഷങ്ങളായി സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, ഭവന പദ്ധതി ഗുണഭോക്താക്കൾക്കുള്ള ധനസഹായം, എൻ.യു.എൽ.എം ഫണ്ട് എന്നിയാണ് പ്രധാനമായും ചെലവഴിക്കാതെ

സൂക്ഷിച്ചിരിക്കുന്നത്. ഈ സ്കീമുകൾ വർഷങ്ങൾക്ക് മുൽപ് സർക്കാർ നിർത്തിയതാണ്. വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സർക്കാർ നൽകിയ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകായറിക്ക്(നം.16/18-19/ 26.2.20) സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ലഭിച്ച മറുപടിയിൽ, മേൽ ഫണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകകളെ സംബന്ധിച്ച് താഴെ പറയും പ്രകാരം വിശദീകരണം നൽകിയിട്ടുണ്ട്.

1. നിലവിൽ SJSRY അക്കൌണ്ടിൽ ഉള്ള തുക UPA വിഹിതമായി ലഭിച്ച ഫണ്ട് ആണ്. SJSRY പദ്ധതിയ്ക്കായി സ്റ്റേറ്റ് മിഷൻ അനുവദിച്ച തുക 11-07-2016 ൽ തിരിച്ചടച്ചിട്ടുണ്ട്. SJSRY പദ്ധതി അവസാനിച്ചതിനാൽ തുക ചെലവഴിക്കുന്നതിൽ വ്യക്തത ഇല്ലാത്തതിനാലാണ് ചെലവഴിക്കതിരുന്നത്. സംസ്ഥാന മിഷനിൽ നിന്നും വ്യക്തത തേടി തുക ചെലവഴിക്കുന്നതാണ്.
2. NULM അക്കൌണ്ടിൽ ഉണ്ടായിരുന്ന 2045651/- രൂപയിൽ, 2019-20 വർഷം 1578600/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പലിശയടക്കം 606880.92 രൂപയാണ് അക്കൌണ്ടിൽ ശേഷിക്കുന്നത്. ഈ വർഷം തന്നെ തുക ചെലവഴിക്കുന്നതാണ്.
3. WAMBAY പദ്ധതി പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്ന 45 വീടുകൾ ശേഷിച്ചിരുന്നതുകൊണ്ടാണ് തുക തിരിച്ചടവാക്കാതിരുന്നത്, എന്നാൽ ലൈഫ് പദ്ധതിയിലേയ്ക്ക് പ്രസ്തുത വീടുകൾ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് അനുവദിച്ചതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ലൈഫ് മിഷൻ പ്രോജക്ടിനു വേണ്ടി ചെലവഴിക്കാൻ കഴിയുമോ എന്നതിന് വ്യക്തത തേടിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ ഈ ഫണ്ടുകൾ ചെലവഴിക്കാത്തത് സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല. ഈ ഫണ്ടുകളിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 വീട് മേൽക്കൂര മാറ്റൽ – നടപടിക്രമങ്ങളിലെ വീഴ്ചകൾ- നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നു

മുനിസിപ്പാലിറ്റിയിലെ വീട് മേൽക്കൂര മാറ്റൽ പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം |
| പ്രോജക്ട് നംപർ | 455/19 |
| അടങ്കൽ തുക | 900000/- രൂപ |
| ഫണ്ട് | വികസനം |
| ചെലവ് തുക | 700000/- രൂപ |
| ബിൽ നംപർ/തീയതി | 42/2019/23.2.19 |

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ./14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 6.7.1 ൽ ഈ പദ്ധതിയുടെ നിർവ്വഹണത്തെ സംബന്ധിച്ച് വിശദമായി പ്രദിപാദിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. എസ്റ്റിമേറ്റ്, ഗുണഭോക്താവ് തയ്യാറാക്കണം, ഇത് എൽ.എസ്.ജി.ഡി. എഞ്ചിനിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശമുണ്ടെങ്കിലും മിക്ക

എസ്റ്റിമേറ്റുകളും തയ്യാറാക്കിയിരിക്കുന്നത് പ്രൈവറ്റ് എഞ്ചിനിയർമാരാണ്.

2. വീടിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന്, മുനിസിപ്പാലിറ്റിയിൽ നിന്ന് ലഭിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത്. എന്നാൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റാണ് ഗുണഭോക്താക്കളോട് വാങ്ങിയിരിക്കുന്നത്.
3. അവസാന ഗഡു ധനസഹായം മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്, എന്നാൽ ഇതിന് പകരം ഫയൽ, വാല്യൂവേഷൻ എടുക്കുന്നതിന് വേണ്ടി എഞ്ചിനിയറിംഗ് വിങ്ങിലേക്ക് അയക്കുകയും വാല്യൂവേഷൻ ലഭിച്ചതിന് ശേഷം തുക അനുവദിക്കുകയുമാണ് ചെയ്തു വരുന്നത്.

പദ്ധതി നിർവ്വഹണത്തിൽ അനാവശ്യ നടപടിക്രമങ്ങൾ പിന്തുടരുന്നത് മൂലം ഗുണഭോക്താക്കൾക്ക് അസൗകര്യങ്ങൾ ഉണ്ടാവുകയും, ധനസഹായം നൽകുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്യുന്നു. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/18-19/26.2.20) മറുപടി നൽകിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സർക്കാർ, ജനപക്ഷത്ത് നിന്ന് കൊണ്ട് സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ചർച്ചകൾ നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ജനപക്ഷത്ത് നിന്ന് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 മത്സ്യബന്ധന മേഖലയിൽ മുൻസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളിൽ പെടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നില്ല

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30, പട്ടിക ഒന്ന് പ്രകാരം നഗരസഭ പ്രദേശത്തെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും അധികാരവും ബാദ്ധ്യതയും നഗരസഭകൾക്കുണ്ട്. നഗരസഭയുടെ അനിവാര്യ ചുമതലകൾ വിവരിക്കുന്ന ഒന്നാം പട്ടിക (സി) (iv) പ്രകാരം മത്സ്യബന്ധന മേഖലയിലെ മുനിസിപ്പാലിറ്റിയുടെ ചുമതലകൾ താഴെ വിവരിക്കുന്നവയാണ്.

1. കുളത്തിലേയും ശുദ്ധ ജലത്തിലേയും ക്ഷാര ജലത്തിലേയും മത്സ്യം വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പിലാക്കുക.
2. മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻ പിടുത്തത്തിനുള്ള സഹായം നൽകുക.
4. മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക.
5. മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക.
6. മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.
7. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക.
8. ഫിഷറീസ് സ്കൂളുകളുടെ ഭരണ നിയന്ത്രണം നടത്തുക എന്നിവയാണ്.

സ.ഉ(കൈ)നം.17/2018ത.സ്വ.ഭ.വ/2/2/2018 അനുബന്ധം ഒന്നിൽ മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിൽ മത്സ്യവകുപ്പിലെ ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരെ കൺവീനറാക്കി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും മുനിസിപ്പാലിറ്റി നിയമ പ്രകാരം മത്സ്യബന്ധന മേഖലയിലെ പ്രധാന ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ 2018-19 ഓഡിറ്റ് വർഷത്തിലും മുൻ വർഷങ്ങളിലും മത്സ്യമേഖലയിലെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമായുള്ള ഒരു പ്രോജക്ടും നഗരസഭ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. മറിച്ച്

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ലാപ്ടോപ്പ് വിതരണവും പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പ്രോജക്റ്റുകളും മാത്രമാണ് തുടർച്ചയായി പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നത്. ഇത്തരം പ്രോജക്റ്റുകൾക്കൊപ്പം തന്നെ മുൻഗണനാക്രമത്തിൽ മത്സ്യമേഖലയിലെ സാമൂഹ്യ വികസനത്തിനും, നീതിക്കും, സാമ്പത്തിക മുന്നേറ്റങ്ങൾക്കുമായുള്ള പ്രോജക്റ്റുകൾ കൂടി ഭാവിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലാപ്പ് ടോപ്പ് വിതരണം - പദ്ധതി പ്രയോജനപ്രദമാകുന്നില്ല

മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പഠനാവശ്യത്തിനായി ലാപ് ടോപ് വിതരണം നടത്തിയിരുന്നു, SO 052/2019 നമ്പർ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഗുണഭോക്താക്കളായ പല വിദ്യാർത്ഥികളും തങ്ങളുടെ കോഴ്സിന്റെ അവസാന കാലയളവിലാണ് ലാപ് ടോപ് കൈപ്പറ്റിയിരിക്കുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വന്നിട്ടുള്ള കാലതാമസവും വീഴ്ചയുമാണ് ഉപയോഗപ്പെടുത്തത്തക്ക തരത്തിൽ യഥാസമയം വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ കഴിയാതെ വന്നത്. കോഴ്സിന്റെ തുടക്കത്തിൽ തന്നെ പഠനോപകരണങ്ങൾ ലഭിക്കുമ്പോൾ മാത്രമാണ് പ്രോജക്റ്റിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്നത് (ഓഡിറ്റ് എൻക്വയറി നമ്പർ 10/18/26.02.2020).

മേൽ പ്രകാരം ലാപ് ടോപ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് | കോഴ്സിന്റെ വിവരം |
|---|---|---|
| 1 | ദൃശ്യ ടി.പി.<br>D/o ശിവൻ | Bcom (അവസാന സെമസ്റ്റർ)<br>2016-19<br>College of applied science |
| 2 | സച്ചിൻ വി.എസ്.<br>S/o ശ്രീ. സുധാകരൻ | Bsc.Electronics<br>(അവസാന സെമസ്റ്റർ) |
| 3 | ഗാഥ പി.കെ | Becom (അവസാന സെമസ്റ്റർ)<br>2016-19<br>College of applied science |

പദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കോസ്റ്റ് ഇൻഡക്സിലെ മാറ്റം എസ്റ്റിമേറ്റിൽ ക്രമീകരിച്ചില്ല -മുനിസിപ്പാലിറ്റിക്ക് നഷ്ടം -146954/-രൂപ

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ്

തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞതിന് ശേഷം മൂന്ന് മാസം തികയുന്നതിന് തൊട്ട് മുൻപ് 28.12.2017നാണ് താഴെപ്പറഞ്ഞ എട്ടു പ്രവർത്തികളും ടെണ്ടർ ചെയ്തു നൽകിയത്. ഓഡിറ്റ് വർഷത്തിൽ ഇത്തരത്തിൽ 146,954/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാർ തീയതി | തുക, ബിൽ നം./ തീയതി | നൽകിയ തുക (ബിറ്റുമിൻ ഇനം ഒഴികെ) (42.16% നിരക്കിൽ) | നൽകേണ്ട തുക (ബിറ്റുമിൻ ഇനം ഒഴികെ) (37.25% നിരക്കിൽ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| 1 | 346/19 അങ്കണവാടിറോഡ് പെരുവത്ത് താഴ ഡ്രയിനേജ് | 04-01-2018 | 406004 (9/23-07-2018), 73,516 (74/11-03-2019) | 347,169 (ഇനം 9,10,11 ഒഴികെ) | 335,178 | 11,991 |
| 2 | 336/19 എടപ്പത്താം കണ്ടി കീഴറാട്ട് റോഡ് | 28-03-2018 | 836,131 (56/15-01-2019) | 575,210 (ഇനം 2,3,4 ഒഴികെ) | 555,343 | 19,867 |
| 3 | 334/19 വലിയാട്ടിൽ കേളോത്ത് താഴെ ഡ്രെയിനേജ് | 28-03-2018 | 473,941 (19/29-09-2018) 439,981 (66/21-01-2019) | 859,534 (ഇനം 2.4,2.5,2.6 ഒഴികെ) | 829,847 | 29,687 |
| 4 | 392/19 ചാത്തോത്ത് റോഡ് | 28-03-2018 | 330,049 (33/23-11-2018) | 213,306 (ഇനം 4,5,6 ഒഴികെ) | 205,939 | 7,367 |
| 5 | 337/19 കുന്ന്യോറമല റോഡ് ഫൂട്ട്പാത്ത് | 31-03-2018 | 590,538 (22/29-09-2018) 57,878 (178/27-03-2019) | 648,416 | 626,021 | 22,395 |
| 6 | 334/19 കൂമന്തോട റോഡ് ഡ്രയിനേജ് | 29-01-2018 | 802,028 (47/29-12-2018) | 802,028 | 774,327 | 27,701 |
| 7 | 352/19 വലിയകടവത്ത് എടക്കടവത്ത് റോഡ് | 28-01-2018 | 469,824 (36/23-11-2018) | 372,426 (ഇനം 4,5,6 ഒഴികെ) | 359,563 | 12,863 |
| 8 | 337/19 എടച്ചംപുറത്ത് മീത്തൽ ഫൂട്ട്പാത്ത് | 03-02-2018 | 436,691 | 436,691 | 421,608 | 15,083 |

| | | | | | | |
|---|---|---|---|---|---|---|
| | | | (32/23-11-2018) | | | |
| | | | | | | 1,46,954 |

(ഓഡിറ്റ് എൻക്വയറി നമ്പർ 27/27.02.2020) അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 മണ്ണ് ഫില്ലിംഗ്: -കിളച്ചു മാറ്റിയ മണ്ണ് ഉപയോഗിച്ചില്ല- അധിക ചെലവ് - 10738/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് : കൊല്ലം മത്സ്യ മാർക്കറ്റ് ചുറ്റുമതിൽ

പ്രൊജക്ട് നംപർ : 447/19

ബിൽ നംപർ/തുക :

11/23.7.18 – 410,778/- രൂപ

101/19.3.19 – 480,998/- രൂപ

എം.ബുക്ക് നംപർ : 196/17-18

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി 40.554എം$^3$ മണ്ണ് കിളച്ചു മാറ്റിയതിന് (എം.ബുക്ക് 196/17-18 പേജ് നമ്പർ 1, 2) എം$^3$ ന് 228.38 രൂപ നിരക്കിൽ 9278.76 രൂപ നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത എക്സ്ട്രാ ഇനം 4 ആയി 246.86എം$^3$ മണ്ണ് ഫില്ലിംഗ് ചെയ്തതിന് (എം.ബുക്ക് 196/17-18 പേജ് നമ്പർ 35, 36) എം$^3$ന് 264.78 രൂപ നിരക്കിൽ 65,363/- രൂപയും ഈ ബില്ലിൽ ഉൾപ്പെടുന്നുണ്ട്. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് കൊണ്ടുവന്ന് ഫില്ലിംഗിനായി ഉപയോഗിച്ചതിനാണ് എക്സ്ട്രാ ഇനം 4ന് തുക നൽകിയിരിക്കുന്നത്. ഇനം 1 പ്രകാരം കിളച്ചുമാറ്റിയ 40.554എം$^3$ മണ്ണ്, മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലെന്ന് എം.ബുക്കിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇനം 1 പ്രകാരം കിളച്ചു മാറ്റിയ 40.554എം$^3$ മണ്ണ് എക്സ്ട്രാ ഇനം 4ൽ കുറവു വരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവു വരുത്തിയിട്ടില്ല. ഇങ്ങനെ കുറവു വരുത്താത്തതിനാൽ 40.554എം$^3$ മണ്ണ് ഫില്ലിംഗിന്റെ തുക കരാറുകാരന് അധികം നൽകുകയുണ്ടായി. എക്സ്ട്രാ ഇനം 4 എർത്ത് ഫില്ലിംഗിൽ നിന്ന് ഇനം 1 പ്രകാരമുള്ള 40.554എം$^3$ കുറവു വരുത്താത്തതിനാൽ എം$^3$ ന് 264.78 രൂപ നിരക്കിൻ 10,738/- രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഇങ്ങനെ അധികമായി കരാറുകാരന് നൽകിയ 10,738/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 32/27.02.2020). ഈ തുക കരാറുകാരനിൽ നിന്നും തിരിച്ചീടാക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-28 ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി- 49950/- രൂപ

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കൊയിലാണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ "പാലിയേറ്റീവ് പരിചരണം" എന്ന പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട ഫിസിയോ തെറാപ്പിസ്റ്റിന് പദ്ധതി മുഖേന 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ അധികരിച്ച നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | 99/18-19- പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |

| | |
|---|---|
| അടങ്കൽ തുക | 1500000/- രൂപ |
| ചെലവ് തുക | 1497049/- രൂപ |

പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഓണറേറിയം വ്യവസ്ഥയിലാണ് വേതനം അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 തീയതിയിലെ സ.ഉ.(സാധാ).നം.3217/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.9ൽ ആണ് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനത്തെ കുറിച്ച് പരാമർശിച്ചിട്ടുള്ളത്. ഖണ്ഡിക 2.9 (c) പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാകുന്ന ഒരു ദിവസത്തിന് 600/-രൂപ വീതം വേതനം അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

പദ്ധതി പ്രകാരം 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ ഫിസിയോതെറാപ്പിസ്റ്റിന് പ്രതിമാസം 18000/- രൂപ വീതം വേതനം അനുവദിച്ചിട്ടുണ്ട്. 01.01.2019 മുതൽ പ്രതിദിന വേതനം 1155/- രൂപയായി നിശ്ചയിച്ച് 49950/-രൂപ ( (90x1155)-54000 ) പ്രസ്തുത മാസങ്ങളിലെ കുടിശ്ശിക ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്(ബിൽ നമ്പർ 38/18-19/27.03.2019). ഫലത്തിൽ 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള മാസങ്ങളിൽ ഫിസിയോ തെറാപ്പിസ്റ്റിന് 34650/-രൂപ വീതം പ്രതിമാസം അനുവദിക്കപ്പെട്ടിട്ടുണ്ട്. അധികരിച്ച നിരക്കിൽ വേതനം അനുവദിക്കപ്പെട്ടതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 33/27.02.2020) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കുടിശ്ശികയായി നൽകിയ 49950/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികരിച്ച നിരക്കിൽ വേതനം അനുവദിച്ചതിന് മതിയായ വിശദീകരണം ഇല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 പ്രവർത്തനം ആരംഭിക്കാത്ത കാന്റീനിലേക്ക് ഉപകരണങ്ങൾ വാങ്ങി

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കൊയിലാണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ "ഹോസ്പിറ്റൽ കാന്റീൻ ഫർണ്ണിച്ചർ" എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നംപർ/ പേര് | 486/18-19 - പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| അടങ്കൽ തുക | 100000/- രൂപ |
| ചെലവ് തുക | 100000/-രൂപ (ബിൽ നം. - 33 /22.3.19, 37/25.03.2019 ) |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർദ്ദേശമായി ശുപാർശ ചെയ്തിട്ടില്ല.
2. പദ്ധതി പ്രകാരം 100000/- രൂപയുടെ ഫർണ്ണിച്ചറുകൾ വാങ്ങി 18.03.2019 തീയതിയിൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ 27.02.2020 ന് സ്ഥല പരിശോധന നടത്തിയതിൽ നിന്നും പരിശോധനാ തീയതി വരെയും കാന്റീൻ പ്രവർത്തന സജ്ജമായിട്ടില്ലയെന്ന്

ബോധ്യപ്പെട്ടിട്ടുണ്ട്. വാങ്ങിയ ഫർണ്ണിച്ചറുകൾ ആശുപത്രി കെട്ടിടത്തിലെ ഒരു മുറിയിൽ കൂട്ടിയിട്ട നിലയിലാണ്.

3. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിനായി മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ഓഡിറ്റ് തീയതി വരെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയിൽ പ്ലംബിംഗ്, വയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൻ വർഷത്തിൽ കാന്റീൻ പ്രവർത്തന ക്ഷമമാക്കാൻ കഴിയില്ല.
4. മേൽ പദ്ധതിക്ക് പുറമെ 'കൊയിലാണ്ടി താലൂക്ക് ആശുപത്രി-ഉപകരണങ്ങൾ-അടിസ്ഥാന സൗകര്യം' എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം- 88/18-19, അടങ്കൽ 5000000/- രൂപ) കാന്റീനിലേക്ക് 121092/- രൂപയുടെ ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്(ബിൽ നമ്പർ-6/18-19/24.07.2018). ഈ ഫർണ്ണിച്ചറുകളും ഉപയോഗിക്കാതെ ആശുപത്രി കെട്ടിടത്തിൽ കൂട്ടിയിട്ട നിലയിലാണുള്ളത്.
5. കാന്റീനിന്റെ പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ മുൻഗണനാ ക്രമം നിശ്ചയിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മുൻകൂറായി ഫർണ്ണിച്ചർ വാങ്ങിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇതിനായി ചെലവഴിച്ച 221092/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെട്ടിടം പ്രവർത്തന സജ്ജമാക്കാതെ കാന്റീനിലേക്ക് ഫർണ്ണിച്ചർ വാങ്ങിയ നടപടി വിശദീകരിക്കേണ്ടതും അടിയന്തിരമായി കാന്റീൻ പ്രവർത്തന സജ്ജമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു

കോയാമു, മുരിങ്ങോളി, കാട്ടില പീടിക എന്നവർ വാർഡ് 39 ൽ നിർമ്മിച്ച വാണിജ്യാവശ്യത്തിനുള്ള 380.44 ച.മീ. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 03.07.2018 തീയതിയിൽ 10205/2017 നമ്പറായി ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും, കെട്ടിടത്തിന് 39/94എ മുതൽ 39/94എൻ വരെയുള്ള നമ്പറുകൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർപെറ്റ് വിസ്തീർണ്ണം 289.78 ച.മീ ആണ്. കെട്ടിടത്തിന് 4 കാർ പാർക്കിംഗ് ആവശ്യമുണ്ട്.

പ്രസ്തുത പ്ലോട്ടിൽ (സർവ്വെ നം-.120/40, വിസ്തീർണ്ണം-690 ച.മീ) എ2 ഗണത്തിൽ ഉൾപ്പെടുന്ന ഒരു റസിഡൻഷ്യൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്(ഫയൽ നം- ബി.എൽ.14719/18) കെട്ടിടത്തിന്റെ വിസ്തീർണ്ണം 320.67 ച.മീ. ആണ്. ബി.എൽ/14719/18/30.12.2019 പ്രകാരം കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം തറ നിലയിൽ 60 ച.മീ താഴെയുള്ള 3 റസിഡൻഷ്യൽ യൂണിറ്റുകളും ഒന്നാം നിലയിൽ 60 ച.മീ കവിഞ്ഞ 2 യൂണിറ്റുകളുമാണുള്ളത്. ആയത് പ്രകാരം മേൽ കെട്ടിടത്തിന് 3 കാർ പാർക്കിംഗും ഒരു സന്ദർശക പാർക്കിംഗും ആവശ്യമുണ്ട്. ഇപ്രകാരം സൈറ്റിൽ 8 കാർ പാർക്കിംഗ് ആവശ്യമുള്ളിടത്ത് 5 എണ്ണം മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. മാത്രമല്ല പാർക്കിംഗ് വിനിയോഗ ഗണത്തിനനുസരിച്ച് പ്രത്യേകം സജ്ജമാക്കുകയും ചെയ്തിട്ടില്ല.

27.02.2020 ന് ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് സൈറ്റ് നേരിൽ പരിശോധിച്ച ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം സൈറ്റിൽ ഒരുക്കിയിട്ടുള്ള 2 പാർക്കിംഗ് സ്ഥലങ്ങൾ പരിവർത്തനപ്പെടുത്തിയതായും പെർമിറ്റില്ലാതെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായും വ്യക്തമായിട്ടുണ്ട്. ഫീൽഡ് തലത്തിലുള്ള റിപ്പോർട്ടിംഗ് ഉറപ്പ് വരുത്തുന്നതിനുള്ള ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിട്ടില്ലാത്തതിനാൽ പെർമിറ്റില്ലാതെയും പെർമിറ്റിൽ നിന്നും വ്യതിചലിച്ചും നടത്തുന്ന നിർമ്മാണങ്ങൾ, പാർക്കിംഗ് ഉൾപ്പെടെയുള്ളവയുടെ പരിവർത്തനം എന്നിവ

യഥാസമയം കണ്ടെത്തി തടയുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല(ഓഡിറ്റ് എൻകചയറി നമ്പർ 35/27.02.2020).
മതിയായ പാർക്കിംഗ് ഇല്ലാതെ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ച നടപടി വിശദീകരിക്കേണ്ടതും അനുമതിയില്ലാതെ ടിയാൻ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഫീൽഡ് തല ജീവനക്കാർ മുഖേന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം ഉറപ്പ് വരുത്തുന്ന രീതിയിൽ ചുമതലാ വിഭജനം നടത്തേണ്ടതും നഗരവികസന ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് പരിശോധിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-31 ആസ്തി പരിപാലനം- നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

20.01.2017 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ).നം.166/2017/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വൽ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഒരു ആസ്തി പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. അനുബന്ധം 9 മാതൃകയിൽ സ്ഥാപനം ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടി ക്രമങ്ങൾ സ്ഥാപനം നടപ്പാക്കിയതായി കാണുന്നില്ല.
നഗരസഭാ ഓഫീസിന്റെ വിവിധ ഭാഗങ്ങളിലായി കാലഹരണപ്പെട്ടതുൾപ്പെടെയുള്ള ആസ്തികൾ (കമ്പ്യൂട്ടറുകൾ, അലമാരകൾ, മേശകൾ, കസേരകൾ മുതലായവ നഗരസഭ ഒന്നാം നിലയിലെ വരാന്ത, കോണിപ്പടിയുടെ അടിഭാഗം, കാർ ഷെഡ് എന്നീ സ്ഥലങ്ങളിൽ കൂട്ടിയിട്ട നിലയിലാണുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഇത്തരത്തിലുള്ള ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കിയതായി കാണുന്നില്ല. കൂടാതെ സ്ഥാപനത്തിലെ ഇലക്ട്രോണിക്/ ഫർണ്ണിച്ചർ ആസ്തികൾക്ക് തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ ഫോറം 10 ൽ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ 2013 ന് ശേഷമുള്ളവ ചേർക്കപ്പെട്ടിട്ടില്ല (ഓഡിറ്റ് എൻകചയറി നമ്പർ 36/27.02.2020).

ഉപയോഗ ശൂന്യമായതും കാലഹരണപ്പെട്ടതുമായ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സമയ ബന്ധിതമായി ലേല നടപടികളിലൂടെ കയ്യൊഴിയുകയോ, സ്വാപ് ഷോപ്പ് മുഖേന വിൽപന നടത്തി കയ്യൊഴിയുകയോ ചെയ്ത് പരമാവധി മൂല്യമുറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്ന പക്ഷം ആസ്തികളുടെ മൂല്യം കുറയുന്നതിന് കാരണമാവും. ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-32 തുടർ സാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 295/19 |
| അടങ്കൽ തുക | 27000/-രൂപ |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് തുക | 27000/- രൂപ |
| ബിൽനം./തീയതി | 14/2019/14.08.2018 |

മുനിസിപ്പാലിറ്റിയിലെ 10ാം തരം, പ്ലസ് ടു പഠിതാക്കളുടെ കോഴ്സ് ഫീ ജില്ലാ സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനും, പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനുമാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ ഗുണഭോക്താക്കളെ വാർഡ് സഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം വാർഡ് സഭകളിൽ നിക്ഷിപ്തമാണെന്നിരിക്കേ, വാർഡ് സഭകളറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല.

ഇതിന് പുറമേ പഠിതാക്കൾക്ക് നോട്ട് പുസ്തകങ്ങൾ, പേന, പെൻസിൽ മറ്റ് പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് 9999/-രൂപ ചെലവഴിച്ചതായി കാണുന്നു. സ.ഉ.(കൈ) നം.17/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.6.11 ൽ സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷന് ഫീസ് അടയ്ക്കുക എന്നിവയ്ക്ക് മാത്രമേ പദ്ധതിയിൽ തുക ചെലവഴിക്കാൻ പാടുള്ളൂ. ഇത് പരിഗണിക്കാതെയാണ് സാധനങ്ങൾ വാങ്ങി നൽകിയത്.

വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിനും, പഠനോപകരണങ്ങൾ വാങ്ങി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/18-19/26.2.20) മറുപടി നൽകിയിട്ടില്ല. പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതി, എത്ര പേർ വിജയിച്ചു എന്നത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പഠിതാക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകിയതിന് ചെലവഴിച്ച 9999/- തടസ്സത്തിൽ വെയ്ക്കുന്നു. മതിയായ വിശദീകരണവും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ഉറവിട മാലിന്യ സംസ്ക്കരണം- പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 312/18-19, ഉറവിട മാലിന്യ സംസ്ക്കരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| അടങ്കൽ തുക | 2970000/- രൂപ |
| ചെലവ് തുക | 91800/- രൂപ |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

1. 28.06.2018 തീയതിയ്ക്കകം ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ച പദ്ധതിയുടെ ടെണ്ടർ നടപടി ആരംഭിച്ചത് 09.11.2018 തീയതിയിലാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ അഞ്ച് മാസത്തോളം കാലതാമസമുണ്ടായി.
2. 29.11.2018 ന് റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കപ്പെട്ടെങ്കിലും സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത് 28.01.2019 തീയതിയിലാണ്.
3. ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ (സെക്രട്ടറിയോ ഹെൽത്ത് ഇൻസ്പെക്ടറോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, ഭരണ സമിതി അംഗീകാരം സംബന്ധിച്ച രേഖയോ ലഭ്യമല്ല) 555 ഗുണഭോക്താക്കൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളതിൽ 1650 ഗുണഭോക്താക്കൾക്കുള്ള തുക അടങ്കൽ

വകയിരുത്തിയിട്ടുണ്ട്. എന്നാൽ 61 ഗുണഭോക്താക്കൾക്ക് മാത്രമാണ് ത്രീ ലെയർ ബയോ ബിൻ വിതരണം ചെയ്തിട്ടുള്ളത്.

4. പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് 61 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ്. ഗുണഭോക്തൃ വിഹിതം പിരിക്കാൻ ആരംഭിച്ചത് 06.02.2019 മുതൽ മാത്രമാണ്.

5. പദ്ധതി പ്രകാരം 1485000/- രൂപയാണ് വികസന ഫണ്ട് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 91800/- രൂപ മാത്രമെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളു. 1393200/- രൂപ ഈ പദ്ധതിയിൽ നിന്നു മാത്രമായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത പരിശോധിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 50 ശതമാനം ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ട റിംഗ് കമ്പോസ്റ്റ് വിതരണ പദ്ധതിയിലും അടങ്കൽ ചെയ്ത തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളെ ലഭ്യമായിട്ടില്ല. ആകെ ഗുണഭോക്താക്കളുടെ 3.7 ശതമാനം മാത്രമെ ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ തയ്യാറായിട്ടുള്ളു. മേൽ സാഹചര്യത്തിലും പദ്ധതിയിൽ ഭേദഗതി വരുത്തി 1393200/- രൂപ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിച്ചിട്ടില്ലെന്നത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 37/27.02.2020). പദ്ധതി നിർവ്വഹണത്തിൽ നടപടി ക്രമങ്ങളിലുണ്ടായ വീഴ്ചയും കാലതാമസവും വിശദീകരിക്കേണ്ടതും പദ്ധതി 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-34 ഇ-ഗവേണൻസ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല

കൊയിലാണ്ടി നഗരസഭയിൽ താഴെ പറയുന്ന മേഖലയിൽ ഇ-ഗവേണൻസ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ അധിക മനുഷ്യശേഷി ഉപയോഗപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഇത് സേവനം സമയബന്ധിതമായി നൽകുന്നതിന് തടസ്സമായിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവാഹ രജിസ്ട്രേഷൻ - അപേക്ഷകൾ ഇ-സബ്മിഷൻ മുഖേന സ്വീകരിക്കാതെ അപേക്ഷകരിൽ നിന്നും ഫോറം പൂരിപ്പിച്ച് വാങ്ങി ആയത് സേവന സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നു. ഇത് ജോലിഭാരം ഇരട്ടിപ്പിക്കുന്നതിനും സമയ നഷ്ടമുണ്ടാക്കുന്നതിനും കാരണമാകുന്നു. ഇ-സബ്മിഷൻ അപേക്ഷ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. ജനന-മരണ രജിസ്ട്രേഷൻ- നഗരസഭയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഭൂരിഭാഗം ജനന-മരണ അപേക്ഷകളും കൊയിലാണ്ടി താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ചാണ്. എന്നാൽ ആശുപത്രി കേന്ദ്രീകരിച്ച് ഹോസ്പിറ്റൽ കിയോസ്ക് സ്ഥാപിച്ചിട്ടില്ല. ഇത് കാരണം ജനന-മരണ രജിസ്ട്രേഷനിലെ ഫോറങ്ങളുടെ ഡാറ്റാ എൻട്രി ഉൾപ്പെടെയുള്ള ജോലികൾ സെക്ഷനിൽ നിർവ്വഹിക്കേണ്ടി വരുന്നു .

3. രശീത് പിരിവ്- ഫ്രണ്ട് ഓഫീസ് മുഖേന ഭൂരിഭാഗം രശീതുകളും മാന്വലായി സ്വീകരിക്കുന്നത് മൂലം ആയത് പിന്നീട് സഞ്ചയയിലേക്ക് രസീത് മാപ്പിംഗ് നടത്തേണ്ടി വരുന്നു. ഇത് ജോലി ഭാരം ഇരട്ടിപ്പിക്കുന്നു. 2019-20 വർഷത്തിൽ മാന്വൽ രശീതുകളുടെ ഉപയോഗം പരമാവധി കുറച്ചിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിൽ സ്ഥാപനം അറിയിച്ചിട്ടുണ്ട്. തിരക്കുണ്ടാകുന്ന മാസങ്ങളിൽ ജനസേവന കേന്ദ്രത്തിൽ അധിക ജീവനക്കാരെ വിന്യസിച്ച് രശീതുകൾ സാംഖ്യ മുഖേന തന്നെ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഇ-പേയ്മെന്റ് സംവിധാനം - വസ്തു നികുതി അടവാക്കുന്നതിന് നഗരസഭ ഇ-പേയ്മെന്റ് സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെയും 262 പേർ മാത്രമെ പ്രസ്തുത സേവനം ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ഇത് മൂലം ബിൽ കളക്ടർമാരുടെ മനുഷ്യശേഷി നികുതി പിരിവിന് മാത്രമായി ഉപയോഗിക്കേണ്ടി വരുന്നു. ഇ-പേയ്മെന്റ് സംവിധാനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്കിടയിൽ വിപുലമായ പ്രചരണം നടത്തേണ്ടതും നികുതി അടവാക്കേണ്ടത് നികുതിദായകന്റെ കടമയാണെന്ന ബോധവത്കരണം നടത്തേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 38/27.02.2020).

നഗരസഭയിൽ വിവിധ ജോലികൾ നിർവ്വഹിക്കുന്നതിനായി 11 ജീവനക്കാരെയാണ് കരാർ/ ദിവസ വേതന നിരക്കിൽ നിയമിച്ചിട്ടുള്ളത് . ഇ-ഗവേണൻസിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ജോലിഭാരം ലഘൂകരിക്കുന്നതിനും സേവനങ്ങളുടെ ഗുണനിലവാരവും വേഗതയും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ 142/2018-19 “ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ” എന്ന പദ്ധതി പ്രകാരം ഹോംകോക്ക് നൽകിയ 8 ലക്ഷം രൂപയിൽ 322600/- രൂപയുടെ മരുന്നുകൾ 06.02.2019 തീയതിയിൽ ഇൻവോയ്സ് നമ്പർ എൽ.എഫ്. 1460/18-19/06.02.2019 പ്രകാരവും, 477400/- രൂപയുടെ മരുന്ന് 02.11.2019 തീയതിയിൽ എൽ.എഫ്.1262/02.11.2019 പ്രകാരവും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

14.06.2018 തീയതിയിലാണ് സ്ഥാപനം 267 ഇനം മരുന്നുകളുടെ ആവശ്യകത നിർണ്ണയിച്ചിട്ടുള്ളത്. പ്രസ്തുത മരുന്നുകളിൽ 207 ഇനം മരുന്നുകളും അന്നേ തീയതിയിൽ സ്റ്റോക്കിൽ ലഭ്യമല്ലായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ വകുപ്പ് തല വിതരണത്തിന് ലഭ്യമല്ലായെന്ന് സാക്ഷ്യപ്പെടുത്തിയ മേൽ മരുന്നുകളിൽ 173 എണ്ണം സ്ഥാപനത്തിന് ലഭ്യമാകുന്നത് 02.11.2019 തീയതിയിലാണ്. കാലതാമസമുണ്ടായ കാലയളവിൽ സ്ഥാപനത്തിലുണ്ടായ മരുന്നിന്റെ അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നതാണ്.

14.02.2018 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 ൽ മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നാണെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട്. ഖണ്ഡിക 7.5.4 ൽ ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായാൽ ടെണ്ടർ/ ക്വട്ടേഷൻ വിളിച്ച് പുറമെ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പദ്ധതി നിർവ്വഹണ ഘട്ടത്തിലുണ്ടായ മേൽ വെല്ലുവിളികൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകളുണ്ടായിട്ടില്ലെന്നത് ബോധ്യമാകുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്ത് ഹോംകോയുമായി കരാറിലേർപ്പെടേണ്ടതും

കാലതാമസം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. അനിവാര്യമെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് പുറമെ നിന്നും മരുന്ന് വാങ്ങി കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 1-36 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല - മുനിസിപ്പാലിറ്റിക്ക് നഷ്ടം

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ അംഗീകാരം വാങ്ങിയ 205 പുതിയ പ്രൊജക്ടുകളും സ്പിൽ ഓവർ ജ്രോജക്ടുകളുമുൾപ്പടെ 308 പ്രോജക്ടുകൾക്ക് പൊതുമരാമത്ത് മേഖലയിൽ മുനിസിപ്പൽ എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിനായി വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 17.01 കോടി രൂപയിൽ 7.80 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 128 എണ്ണത്തിനും സ്പിൽ ഓവറിൽപ്പെട്ട 23 എണ്ണത്തിനും തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 9.20 കോടി രൂപയിൽ 1.83 കോടി രൂപ വികസനഫണ്ട് (ജനറൽ), 0.64 കോടി രൂപ വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (4.66 കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (0.64കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡ് (1.05കോടി) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. 8.82 കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട്മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്ന തുക കൂടി പരിഗണിച്ചാണ്. ഇങ്ങനെ 8.82 കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതി വിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1. വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം
2. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം
3. സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണ പുരോഗതിയ്ക്ക് തടസ്സമായി. വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ഉടൻ പ്രോജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ അവസ്ഥയ്ക്ക് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. കരാറുകാരുടെ യോഗം ചേർന്നെങ്കിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി. അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ 29/27.02.2020). നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കും ഉണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് ആവർത്തിക്കാതിരിക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-37 വലിയ സൌകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവു തന്നെ ഇല്ലാത്തതായോ കാണാം. 17ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ മുനിസിപ്പാലിറ്റികളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതെയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് മുനിസിപ്പാലിറ്റി ഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നമ്പർ 30/27.02.2020) മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

## 1-38 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ. (പി)13/2012/പി.ഡബ്ല്യു.ഡി/01-02-2012 നമ്പർ, കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%) ലികിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കൊയിലാണ്ടി നഗരസഭ നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവർത്തികളിലും കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | തുക/ബിൽ നമ്പർ |
|---|---|---|---|---|
| 1 | കൊല്ലം മത്സ്യമാർക്കറ്റ് ചുറ്റുമതിൽ (447/19) | 1000,000 | കെ.പി.രാമകൃഷ്ണൻ | 410,778/-(11/23.7.18)<br>480,998/-(101/19.3.19) |
| 2 | കുന്ന്യോറമല റോഡ് സൈഡ് ഫുട്ട്പാത്ത് (337/18) | 830,000 | കെ.പി.ഗണേഷൻ | 590,538/-(22/29-09-2018)<br>57,878/-(178/27-03-2019) |
| 3 | കൂമന്തോട റോഡ് ഡ്രയിനേജ് (334/19) | 1000,000 | എം.സുധേഷ് | 802,028/-(47/29-12-2018) |
| 4 | എടച്ചംപുറത്ത് മീത്തൽ ഫൂട്ട്പാത്ത് (349/19) | 544,000 | എം.സുധേഷ് | 436,691/-(32/23-11-2018) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ | കരാർ പ്രകാരമുള്ള തുക | പൂർത്തീകരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തീയതി, അധികം എടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% (കാലയളവിന്റെ 25% തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | കൊല്ലം മത്സ്യമാർക്കറ്റ് ചുറ്റുമതിൽ (447/19) | 891776 | 90 ദിവസം (23.5.2018) | 10.8.2018 (79 ദിവസം) | 8918 (15ദിവസം) | (64ദിവസം/15=4)17, 836x4=71,344 | 80,262 |
| 2 | കുന്ന്യോറമല റോഡ് സൈഡ് ഫുട്ട്പാത്ത് (337/18) | 648416 | 90 ദിവസം (18.11.2018*) | 22.3.18 (124ദിവസം) | 6484 (15ദിവസം) | (106ദിവസം/7=)12, 968x7=90,776 | 97,260 |
| 3 | കൂമന്തോട റോഡ് ഡ്രയിനേജ് (334/19) | 802028 | 90 ദിവസം (30.4.2018) | 31.7.18 (62 ദിവസം) | 8020 (15 ദിവസം) | (47ദിവസം/15=3)16, 040x3=48,120 | 56,140 |
| 4 | എടച്ചംപുറത്ത് മീത്തൽ ഫൂട്ട്പാത്ത് (349/19) | 436691 | 90 ദിവസം (4.5.2018) | 11.6.18 (38 ദിവസം) | 4367 (15 ദിവസം) | (23ദിവസം/15=1)8, 734x1=8,734 | 13,101 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് സാമ്പത്തിക വർഷം കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് നഗരസഭയുടെ കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 31/27.02.2020). അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-39 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നാലു തവണയാണ് മീറ്റിംഗ് കൂടിയത്. 28-05-2018, തീയ്യതി കാണിച്ചിട്ടില്ലാത്ത മീറ്റിംഗ് 23-11-2018, 4-12-2018 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്. 04-12-2018നു ശേഷം 27-12-2019നു മാത്രമാണ് യോഗം ചേർന്നത്. 2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നാലു തവണ മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ. (എം.എസ്)17/2018/ ത.സ്വ.വഭ.വ/02-02-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വവർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-40 എൽ.ഇ.ഡി ബൾബ് നിർമ്മാണ പദ്ധതി- അപാകതകൾ

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ എൽ.ഇ.ഡി ബൾബ് നിർമ്മാണം -വനിത (പ്രൊ.നം-114/18-19, അടങ്കൽ 200000/- രൂപ, ചെലവ് -200000/- രൂപ, ബിൽ നം-2/2018-19/31.10.2018) പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം തങ്കം.വി.കെ, അരേക്കൽ താഴ, പ്രീത, പിലാത്തോട്ടത്തിൽ, രജനി.എം.കെ. കരുവാണ്ടി, സബീല.എ.പി, അസ്ല ഹൗസ് എന്നീ 4

ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം വായ്പാ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ 4 ഗുണഭോക്താക്കളും മേഖലയിൽ സജീവമല്ല.

2. മൂന്ന് ഗുണഭോക്താക്കൾക്ക് 11.6 ശതമാനം നിരക്കിലും ഒരു ഗുണഭോക്താവിന് 12.6 ശതമാനം നിരക്കിലുമാണ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കിയിട്ടുള്ളത്. വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിന് സ്ഥാപനം ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തിയിട്ടില്ല.

3. 11.6 ശതമാനം പലിശ നിരക്കിൽ കനറാ ബാങ്കിൽ നിന്നും വായ്പയെടുത്ത രജനി എന്നവരുടെ 31.08.2019 വരെയുള്ള ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും 85000/- രൂപ വായ്പയെടുത്തിട്ടുള്ള ഗുണഭോക്താവ് സബ്സിഡി തുകയായ 50000/- രൂപ ഉൾപ്പെടെ 99956/- രൂപ 30.08.2019 വരെ തിരിച്ചടച്ചിട്ടുണ്ട്. ഏപ്രിൽ 2018 മുതൽ ആഗസ്റ്റ് 2019 വരെയുള്ള കാലയളവിൽ സബ്സിഡി ഒഴികെയുള്ള 35000/- രൂപയുടെ തിരിച്ചടവ് ഇനത്തിൽ ശ്രീമതി രജനി 49956/- രൂപ അടവാക്കിയിട്ടുണ്ട്. ബിൽ നം-2/2018-19/31.10.2018 പ്രകാരം 50000/- രൂപ ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ലോൺ അക്കൗണ്ടിൽ ആയത് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. 17 മാസ കാലയളവിലേക്ക് 11.6 ശതമാനം പലിശ കണക്കാക്കിയാൽ പരമാവധി 5749/- രൂപ പലിശ ഉൾപ്പെടെ 40749/- രൂപ മാത്രമെ ഗുണഭോക്താവ് തിരിച്ചടക്കേണ്ടതുള്ളൂ. എന്നാൽ 49956/- രൂപ തിരിച്ചടച്ച സാഹചര്യത്തിൽ 11.6 ശതമാനത്തിൽ അധികരിച്ച നിരക്കിലോ നഗരസഭ സബ്സിഡിയായി നൽകിയ 50000/- രൂപക്ക് ഉൾപ്പെടെ പലിശ കണക്കാക്കിയതായോ കാണാം. ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് വസ്തുത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. പ്രാദേശിക സാമ്പത്തിക വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 2018-19 വർഷത്തിൽ 10.07.2018 നാണ് ഏറ്റവും അവസാനമായി യോഗം ചേർന്നിട്ടുള്ളത്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ്, മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തി. വർക്കിംഗ് ഗ്രൂപ്പ് ചുമതലാപരമായ ഇടപെടൽ നടത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല.

2017-18 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണം ചെയ്ത പദ്ധതി 2018-19 വർഷത്തിലാണ് ആരംഭിച്ചിട്ടുള്ളത്. ഗുണഭോക്താക്കളിൽ 20 പേർക്ക് പരിശീലനം നൽകിയെങ്കിലും നാലുപേർ മാത്രമെ പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പ ലഭ്യമാക്കി സംരഭം ആരംഭിച്ചിട്ടുള്ളു. ഓരോ ഗുണഭോക്താവും 85000/- രൂപ മുടക്ക് മുതലിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. മുടക്ക് മുതലിന്റെ ഭൂരിഭാഗവും അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ളവയ്ക്ക് വേണ്ടി ചെലവഴിച്ചതിനാൽ കുറഞ്ഞ അളവിൽ മാത്രമെ അസംസ്കൃത വസ്തുക്കൾ വാങ്ങിയിട്ടുള്ളു. കുറഞ്ഞ മുതൽ മുടക്ക് മാത്രമായതിനാൽ വലിയ അളവിൽ എൽ.ഇ.ഡി ബൾബ് നിർമ്മിച്ച് വിൽപന നടത്തുന്നതിന് സംരഭകർക്ക് സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംരഭങ്ങൾ നിലവിൽ ഭാഗികമായി മാത്രമെ പ്രവർത്തിക്കുന്നുള്ളു. സംരഭകർ ഉപജീവനത്തിനായി നഗരതൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള മറ്റ് തൊഴിലുകളെ ആശ്രയിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. മേൽ സാഹചര്യത്തിൽ പദ്ധതി പരാജയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പരാജയപ്പെട്ടതിന് താഴെ പറയുന്ന അപാകതകളും കാരണമായിട്ടുണ്ട്.

- പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് വ്യക്തിഗത സംരഭങ്ങളായാണ്. എന്നാൽ മുഴുവൻ ഗുണഭോക്താക്കളും ഒരൊറ്റ യൂണിറ്റായി ആരംഭിച്ചിരുന്നെങ്കിൽ ഒരു ബ്രാൻഡ് നെയിമായി വിപണിയിൽ അവതരിപ്പിച്ച് ശ്രദ്ധ നേടാമായിരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള ചെലവും കുറയ്ക്കാമായിരുന്നു.

- എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുക എന്നതിന് പകരം റെഡിമെയ്ഡ് ഘടകങ്ങൾ വാങ്ങി സംയോജിപ്പിച്ചുള്ള ബൾബ് നിർമ്മാണമാണ് പ്രധാനമായും നടന്നിട്ടുള്ളത്. ഇതിന് കുറഞ്ഞ മനുഷ്യശേഷി മാത്രമെ ആവശ്യമുള്ളു. അതേ സമയം കൂടിയ മുതൽമുടക്കും ആവശ്യമാകുന്നു. ആയത് ഉത്പന്നം ലാഭകരമല്ലാതാക്കി തീർക്കുന്നു.
- എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ഗുണഭോക്താക്കൾ പ്രാദേശികമായാണ് പർച്ചേസ് ചെയ്തിരിക്കുന്നത്. കുറഞ്ഞ അളവുകളിലായും വെവ്വേറെയായും ചില്ലറ വിൽപന നിരക്കിലായും വാങ്ങലുകൾ നടത്തിയതിനാൽ ഒരു ബൾബ് നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവിന് 90/- രൂപയിലധികം ചെലവ് വന്നിട്ടുണ്ട്. 100- 110 രൂപ നിരക്കിലാണ് ഉത്പന്നം വിപണിയിലെത്തിച്ചത്. കുറഞ്ഞ അളവിലുള്ള ഉത്പാദനവും അസംസ്കൃത വസ്തുക്കളുടെ കൂടിയ ചെലവും മൂലം നാമമാത്രമായ ലാഭവിഹിതം മാത്രമെ ഗുണഭോക്താക്കൾക്ക് ലഭ്യമായുള്ളൂ. ഇക്കാരണത്താൽ തന്നെ സംരഭകർക്ക് ഉപജീവനത്തിനായി മറ്റ് തൊഴിലുകളെ ആശ്രയിക്കേണ്ടി വന്നു.
- 11.6 മുതൽ 12.6 വരെയുള്ള പലിശ നിരക്കിലാണ് സംരഭകർക്ക് ലോൺ ലഭ്യമാക്കിയിട്ടുള്ളത്. കുറഞ്ഞ പലിശ നിരക്കിൽ സംരഭകർക്ക് വായ്പ ലഭ്യമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ബാങ്കുകളുമായി ചർച്ച നടത്തിയിട്ടില്ല. ഉയർന്ന പലിശ നിരക്കിലുള്ള വായ്പയുടെ തിരിച്ചടവിനുള്ള പണം പോലും സംരഭകർക്ക് വിൽപനയിലൂടെ കണ്ടെത്താനായില്ല.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നേരിട്ട വെല്ലുവിളികൾ പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയില്ല.

കൂടുതൽ സംരഭകരെ കണ്ടെത്തി പദ്ധതി ഒരൊറ്റ യൂണിറ്റായി പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതും അസംസ്കൃത വസ്തുക്കൾ കൂടിയ അളവിൽ മൊത്ത വിൽപ്പന നിരക്കിൽ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ് .

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 20/25.02.2020) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി വിജയിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളുമുൾപ്പെടെയുള്ള തുടർസഹായങ്ങൾ ലഭ്യമാക്കി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 റോഡ് കട്ടിംഗ് - പുനസ്ഥാപിക്കൽ ചാർജ്ജ് കുറച്ച് ഈടാക്കി

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 21.07.2018 തീയതിയിൽ കുറുവങ്ങാട് -മേലൂർ

റോഡ് ഇരു വശങ്ങളിലുമായി 1.4 കിലോമീറ്റർ വീതം നീളത്തിൽ 50 സെന്റിമീറ്റർ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. റോഡ് പുനസ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കി ഈടാക്കി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഫയൽ നം. | PW2/11211/2018 തീ. 21.07.2018 | | |
| അനുമതിയുടെ വിശദാംശം | 0.5 മീറ്റർ വീതിയിൽ 800 മീ. ടാർ റോഡ് കട്ടിംഗ്<br>0.5 മീറ്റർ വീതിയിൽ 760 മീറ്റർ എർത്ത് റോഡ് കട്ടിംഗ് (Berm)<br>0.5 മീറ്റർ വീതിയിൽ1240 മീറ്റർ വീതിയിൽ റോഡ് ഷോൾഡർ കട്ടിംഗ്<br>1.5 x 1.5 മീറ്റർ വീതിയിൽ ടാർ/കോൺക്രീറ്റ് റോഡിൽ കുഴികളെടുക്കുന്നതിന് (30 യൂണിറ്റ്) | | |
| തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം | | | |
| ഇനം | അളവ് | നിരക്ക് | തുക |
| Tar road cutting for laying cable | 800x.75= 600 ച.മീ | 4680.65@;.ച.മീ | 2808390.00 |
| Road berm cutting for laying cable | 760x.75=570 ച.മീ | 329.87 @;.ച.മീ | 188025.90 |
| Road shoulder cutting for laying cable | 1240x.75=930 ച.മീ | 1422.95 @;.ച.മീ | 1323343.50 |
| ആകെ | | | 4319759.40<br>(രശീത് നം-118010400012/06.11.2018) |

പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയറുടെ 22.05.2018 തീയതിയിലെ സി.ഇ/ആർ&ബി/ജിഎൽ-ആർസി/1/2018 നമ്പർ സർക്കുലർ പ്രകാരം പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴിയുടെ വീതിയുടെ ഒന്നര മടങ്ങ് വീതിയുടെ അടിസ്ഥാനത്തിലാവണം റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ടാർ ചെയ്യുന്ന ഭാഗത്തിലെടുക്കുന്ന കുഴിയുടെ വീതിക്ക് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും കണക്കാക്കി വേണം പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്നും സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി ടാറിംഗ് പ്രതലത്തിൽ 0.75 മീറ്റർ വീതി മാത്രം പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് | | | |
|---|---|---|---|
| ഇനം | അളവ് | നിരക്ക് | തുക |
| Tar road cutting for laying cable | 800x1= 800 ച.മീ | 4680.65@;.ച.മീ | 3744520.00 |
| Road berm cutting for laying cable | 760x.75=570 ച.മീ | 329.87 @;.ച.മീ | 188025.90 |
| Road shoulder cutting for laying cable | 1240x.75=930 ച.മീ | 1422.95 @;.ച.മീ | 1323343.50 |
| ആകെ | | | 5255889.40 |
| ഈടാക്കിയ തുക-4319759/-രൂപ, ഈടാക്കേണ്ടിയിരുന്നത് =5255890/-രൂപ, കുറവ് വന്നത്- | | | |

| 936131/-രൂപ |
|---|

ടാർ / കോൺക്രീറ്റ് പ്രതലത്തിൽ 1.5 x 1.5 മീറ്റർ വീതിയിൽ റോഡിൽ കുഴികളെടുക്കുന്നതിന് (30 യൂണിറ്റ്) അപേക്ഷിച്ചിട്ടുണ്ട്. ആയതിനുള്ള അനുമതിയും അപേക്ഷകന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കുഴികൾ അടച്ച് റോഡ് പുന:സ്ഥാപിക്കുന്നതിനുള്ള ഫീ ഈടാക്കിയതായി കാണുന്നില്ല. മേൽ കുഴികൾ ടാർ പ്രതലത്തിലാണോ കോൺക്രീറ്റ് പ്രതലത്തിലാണോ എന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 2/19.02.2020) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ 1.5 x 1.5 മീറ്റർ വീതിയിൽ റോഡിൽ കുഴികളെടുത്തത് പുനസ്ഥാപിക്കാനുള്ള ഫീ കുഴിയെടുത്ത പ്രതലത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി കുറവ് വന്ന ഫീ ഈടാക്കേണ്ടതുമാണ്. തുക ഈടാക്കി നഗരസഭാ അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 മണ്ണ് ഫില്ലിംഗ്: -കിളച്ചു മാറ്റിയ മണ്ണ് ഉപയോഗിച്ചില്ല- അധിക ചെലവ് - 10738/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് : കൊല്ലം മത്സ്യ മാർക്കറ്റ് ചുറ്റുമതിൽ

പ്രൊജക്ട് നംപർ : 447/19

ബിൽ നംപർ/തുക :

11/23.7.18 – 410,778/- രൂപ

101/19.3.19 – 480,998/- രൂപ

എം.ബുക്ക് നംപർ : 196/17-18

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി 40.554എം$^3$ മണ്ണ് കിളച്ചു മാറ്റിയതിന് (എം.ബുക്ക് 196/17-18 പേജ് നമ്പർ 1, 2) എം$^3$ ന് 228.38 രൂപ നിരക്കിൽ 9278.76 രൂപ നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത എക്സ്ട്രാ ഇനം 4 ആയി 246.86എം$^3$ മണ്ണ് ഫില്ലിംഗ് ചെയ്തതിന് (എം.ബുക്ക് 196/17-18 പേജ് നമ്പർ 35, 36) എം$^3$ന് 264.78 രൂപ നിരക്കിൽ 65,363/- രൂപയും ഈ ബില്ലിൽ ഉൾപ്പെടുന്നുണ്ട്. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് കൊണ്ടുവന്ന് ഫില്ലിംഗിനായി ഉപയോഗിച്ചതിനാണ് എക്സ്ട്രാ ഇനം 4ന് തുക നൽകിയിരിക്കുന്നത്. ഇനം 1 പ്രകാരം കിളച്ചുമാറ്റിയ 40.554എം$^3$ മണ്ണ്, മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലെന്ന് എം.ബുക്കിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇനം 1 പ്രകാരം കിളച്ചു മാറ്റിയ 40.554എം$^3$ മണ്ണ് എക്സ്ട്രാ ഇനം 4ൽ കുറവു വരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവു വരുത്തിയിട്ടില്ല. ഇങ്ങനെ കുറവു വരുത്താത്തതിനാൽ 40.554എം$^3$ മണ്ണ് ഫില്ലിംഗിന്റെ തുക കരാറുകാരന് അധികം നൽകുകയുണ്ടായി. എക്സ്ട്രാ ഇനം 4 എർത്ത് ഫില്ലിംഗിൽ നിന്ന് ഇനം 1 പ്രകാരമുള്ള 40.554എം$^3$ കുറവു വരുത്താത്തതിനാൽ എം$^3$ ന് 264.78 രൂപ നിരക്കിൻ 10,738/- രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഇങ്ങനെ അധികമായി കരാറുകാരന് നൽകിയ 10,738/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 32/27.02.2020). ഈ തുക കരാറുകാരനിൽ നിന്നും തിരിച്ചീടാക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി - 49950/- രൂപ

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കൊയിലാണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ "പാലിയേറ്റീവ് പരിചരണം" എന്ന പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട ഫിസിയോ തെറാപ്പിസ്റ്റിന് പദ്ധതി മുഖേന 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ അധികരിച്ച നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | 99/18-19- പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| അടങ്കൽ തുക | 1500000/- രൂപ |
| ചെലവ് തുക | 1497049/- രൂപ |

പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഓണറേറിയം വ്യവസ്ഥയിലാണ് വേതനം അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 തീയതിയിലെ സ.ഉ.(സാധാ).നം.3217/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.9ൽ ആണ് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനത്തെ കുറിച്ച് പരാമർശിച്ചിട്ടുള്ളത്. ഖണ്ഡിക 2.9 (c) പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാകുന്ന ഒരു ദിവസത്തിന് 600/-രൂപ വീതം വേതനം അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

പദ്ധതി പ്രകാരം 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ ഫിസിയോതെറാപ്പിസ്റ്റിന് പ്രതിമാസം 18000/- രൂപ വീതം വേതനം അനുവദിച്ചിട്ടുണ്ട്. 01.01.2019 മുതൽ പ്രതിദിന വേതനം 1155/- രൂപയായി നിശ്ചയിച്ച് 49950/-രൂപ ( (90x1155)-54000 )

പ്രസ്തുത മാസങ്ങളിലെ കുടിശ്ശിക ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്(ബിൽ നമ്പർ 38/18-19/27.03.2019). ഫലത്തിൽ 2019 ജനുവരി മുതൽ 2019 മാർച്ച് വരെയുള്ള മാസങ്ങളിൽ ഫിസിയോ തെറാപ്പിസ്റ്റിന് 34650/-രൂപ വീതം പ്രതിമാസം അനുവദിക്കപ്പെട്ടിട്ടുണ്ട്. അധികരിച്ച നിരക്കിൽ വേതനം അനുവദിക്കപ്പെട്ടതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 33/27.02.2020) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കുടിശ്ശികയായി നൽകിയ 49950/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികരിച്ച നിരക്കിൽ വേതനം അനുവദിച്ചതിന് മതിയായ വിശദീകരണം ഇല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 16/08/2019 മുതൽ 17/08/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ ഇ2/887/2019(86) തീയതി 24/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ |
|---|---|---|---|---|---|---|

| | നമ്പർ/ തിയ്യതി | | | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ യു ആർ ഡി എഫ് സി | | | 11628468 | 1943055 | 837690 | 9037728 |
| ഇ.എം.എസ് പദ്ധതി | | | 2020733 | - | - | 2020733 |

ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയാണ് സ്വീകരിച്ചിരിക്കുന്നത്. ലോൺ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 16000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263) | - | - | 15000 | - |
| 2 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87) | - | - | 1000 | - |
| | ആകെ | | | 16000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30333/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2000-01 | - | 8470 | ഇ.സി.ജോർജ് | 100416/8470 |
| 2008-09 | 3-25 | 21863 | രാമകൃഷ്ണൻ | 100480/25.04.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 1998 | VIII.2(8) | കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി | നില നിൽക്കുന്നു |
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടികജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത | |
| -ടി- | 14(3) | 1999 | IV 9 (b) | കൈതോലകൃഷി പരാജയം | |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് | |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((a) | വാഴകൃഷി വികസനം | |
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((b) | കോതമംഗലം ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി | |
| 1998-99 | | 2000-01 | 14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം | |
| 2000-01 | 15 | 2004-05 | 10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. | |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. | |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. | |
| | 20 | 2005-06 | 20.3 | എൻ.എസ്.ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക | |

| ഓഡിറ്റ് റിപ്പോർട്ട്. | | | | | |
|---|---|---|---|---|---|
| 1997-98 | 17 | 2005-06 | 2.70.3.3(69) | കമ്പ്യൂട്ടർ പരിശീലനം | |
| 1997-98 | 17 | 2005-06 | 2.70.3.3(69) | ബ്യൂട്ടീഷൻ പരിശീലനം | |
| 2000-01 | 28 | 2005-06 | 2.70.10.8 (75) | വെള്ളക്കരം വസ്തു കൈമാറ്റ തീരുവ. | |
| 2007-08 | 3-5 | 2010-11 | 2.14 (52) | ഡെപ്പോസിറ്റ് വർക്ക്-കാലതാമസം | |
| - | - | 2013-14 | 6.2.3(185) | ലൈസൻസ് ഫീ കുടിശ്ശിക. | |
| 2012-13 | - | 2014-15 | 2.1.11(10) | ഓ.റി. ചർച്ച ചെയ്യുന്നില്ല. | |
| 2012-13 | - | 2014-15 | 2.1.11(11) | ഓ.റി. പ്രഥമ മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 474232792.67 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 319834184.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 936131.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60688.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1595163.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 936131 | - | മനോജ്കുമാർ എം, അസി.എഞ്ചിനീയർ |
| 3-1 | - | 10738 | മനോജ്കുമാർ എം, അസി.എഞ്ചിനീയർ |
| 3-2 | - | 49950 | ഡോ.നഫീസ ഐ.കെ, സൂപ്രണ്ട് , താലൂക്ക് ഹോസ്പിറ്റൽ, കൊയിലാണ്ടി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1364072 | ബിജേഷ് ഉപ്പലക്കൽ, പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി |
| 1-29 | 221092 | ഡോ.പ്രീത, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, കൊയിലാണ്ടി. |
| 1-32 | 9999 | ഷെറിൻ ഐറിൻ സോളമൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ്കുമാർ എം,അസി.എഞ്ചിനീയർ | സെക്രട്ടറി, പയ്യോളി നഗരസഭ | LYNDALE എടക്കാട് പി.ഒ, കോഴിക്കോട് |
| ഡോ.പ്രീത, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, കൊയിലാണ്ടി. | - | പേൾപാർക്ക് അപാർട്ട്മെന്റ്, ഒളവണ്ണ, കോഴിക്കോട് |
| ബിജേഷ് ഉപ്പലക്കൽ, പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി | ബിജേഷ് ഉപ്പലക്കൽ, പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി | രാഗ്മൽഹാർ, മടപ്പള്ളി കോളജ്, പി.ഒ.വടകര |
| ഷെറിൻ ഐറിൻ സോളമൻ, സെക്രട്ടറി | സെക്രട്ടറി, പയ്യോളി നഗരസഭ | LYNDALE എടക്കാട് പി.ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630/87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/87/20.5.1987 | 7 |
| 1974-75, 75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/87/20.5.1987 | 4 |
| 1977-78, 79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/87/20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/97/3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/97/23.12.1998 | 38 |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/89/1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/92/13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |
| 1997-98 മുതൽ | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |

| | | |
|---|---|---|
| 2001-02 വരെ കുടുംബശ്രീ. | | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(3)തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168/13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682/13(7)തീ.16.8.2014 | 53 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 /20.7.2015 | 36 |
| 2013-14 | കെ .എസ്. എ. കെ.കെ.ഡി. പി.8/949/2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |
| 2016-17 | നം.കെ.എസ്.എ കെ.കെ.ഡി/പി8/2080/17 തീ.08.11.2017 | 1-5,1-6,1-7,2-1,2-2,2-3,2-4, 2-5,2-6,2-7,2-8,2-9,2-10, 2-11,2-12,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11, 3-12,3-13,3-14,3-15,3-16, 3-17,3-18,3-19,3-20,3-21,3-22, 3-23,3-24,3-25 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി14/2387/2018 തീ.20.12.2018 | 1-12,2-1,2-2,2-3,2-4,2-5,2-6, 2-7,2-8,2-9,2-10,2-11,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13,3-14 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊയിലാണ്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്